ലക്കം 106

ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

# ലിറ്റിൽ മാസിക

മാർച്ച് 2009



## കാർബൺ ഉപവാസം ജീവിത ശൈലിയാകുമ്പോൾ....

●


## ആമകൾക്കാണ് മുയലുകളേക്കാളും പാതകളെക്കുറിച്ച് പറയാൻ കഴിയുക......

●

## അരിക്ക് പണമില്ല ഐ.ടിക്ക് പണമുണ്ട്....

## Postcard Campaign

See Back Page








## തപാൽ കാർഡ് ഒരു ആയുധമാകുമ്പോൾ

പോസ്റ്റ്മാൻ കയ്യിൽ തന്നു പോകുന്ന ഒരു തപാൽ കാർഡ് നമ്മോടുപലതും പറയുന്നു. വിദൂരത്ത് നിന്ന് ഒരാൾ ഏകാന്തമായിരുന്നെഴുതി തപാൽപ്പെട്ടിയിലിട്ടത് രണ്ടുമൂന്ന് ദിവസത്തെ സഞ്ചാരം കഴിഞ്ഞ് നാട്ടിലെ പോസ്റ്റാഫീസിലെത്തി നെറുകയിൽ കരിമഷി മുദ്രകളുമായി നമ്മെ തേടിയെത്തുന്ന ഒരു അമൂല്യ ജീവിത രേഖ. സൂക്ഷിച്ചുവെച്ചാൽ പിന്നീട് എടുത്തുനോക്കി ഓർമ്മകളുണർത്താൻ സഹായിക്കുന്ന ചരിത്രരേഖ. ഓരോ മനുഷ്യന്റെയും വിരൽപ്പാടുകൾ പതിഞ്ഞ ആട്ടോഗ്രാഫ് ആണ് തപാൽ കാർഡ്.

2009 മാർച്ച്

ലക്കം

106

**ലിറ്റിൽ മാസിക**

**ചുങ്കത്തറ പി.ഒ.**

**മലപ്പുറം – 679934**

Ph: 04931-231493, 232780

Mob: 9946428284, 9995264564

email:littlemasika@gmail.com

ചീഫ് എഡിറ്റർ

**ബിജു ജോൺ**

കോ–ഓർഡിനേറ്റിംഗ് എഡിറ്റർ

**അബ്ദുള്ളക്കുട്ടി എടവണ്ണ**

മാനേജിംഗ് എഡിറ്റർ

**ജയപ്രകാശ് നിലമ്പൂർ**

എക്സിക്യുട്ടീവ് എഡിറ്റർ

**പി.എം. ജോൺ**

പത്രാധിപ സമിതി

**സതീഷ് ചളിപ്പാടം**

**മനോഹർ വർഗീസ്**

**ചന്ദ്രബാബു തൃക്കലങ്ങോട്**

സ്പെഷ്യൽ കറസ്പോണ്ടന്റ്

**ഹാരിസ് നെന്മേനി**

ലേഔട്ട് & ഡിസൈനിംഗ്

**അരുൺ പുൾപ്പറ്റ**

●

**1992 ൽ ദൃഷ്ടി എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ചു. 1993 മുതൽ ലിറ്റിൽ മാസിക എന്ന പേരിൽ രജിസ്റ്റർ ചെയ്ത മാസികയായി പ്രസിദ്ധീകരിച്ചു വരുന്നു.**

**ചെറിയ മനുഷ്യർ, കൊച്ചുപ്രസ്ഥാനങ്ങൾ, ചെറുതെങ്കിലും ആത്മാർത്ഥമായ ജനകീയ ഇടപെടലുകൾ പൂവ്, കാട്, പുഴ, ചെറുജീവികൾ, ദൃഷ്ടിഗോചരമല്ലാത്ത പ്രാണികൾ അങ്ങനെ ചെറുതും സുന്ദരവും സ്ഥായിയായി നിലനിൽക്കുന്നതുമായ ജീവിതത്തിന്റെ വിവിധ ഭാവങ്ങൾ...! ഇവയെക്കുറിച്ചെല്ലാമാണ് ഈ പത്രം വിചാരപ്പെടുന്നത്.**

●

വലുതാകണോ ചെറുതാവുക.....

*- കുഞ്ഞുണ്ണി*

**Copyleft**

ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരി ക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. ആർക്കും രചനകൾ യഥേഷ്ടം ഉപയോ ഗിക്കാവുന്നതാണ്. രചയിതാവിന്റെ പേര് സൂചിപ്പിക്കണമെന്ന് മാത്രം.

## എഡിറ്റോറിയൽ

ഏത് ആഘോഷങ്ങളിലും എന്നപോലെ ധാരാളം പണവുംവിഭവങ്ങളും ധൂർത്ത്ചെയ്ത് ചിലവഴിക്കുന്ന ഒരു സന്ദർഭം കൂടിയാണ് നമ്മുടെ പൊതു തെരെഞ്ഞെടുപ്പുകൾ. മിത വ്യയത്തിന്റെയും പ്രകൃതി സൗഹൃദപരവുമായ ഒരു പ്രചാരണ ശൈലി ആഗോള താപനത്തിന്റെ ഈ കാലത്ത് നമ്മുടെ രാഷ്ട്രീയപാർട്ടികൾ തെരെഞ്ഞെടുക്കുമോ എന്നതാണ് ഏറ്റവും പ്രസക്തമായ ചോദ്യം.

വൻതോതിൽ വാഹനങ്ങൾ ഉപയോഗിച്ചും പടുകൂറ്റൻ റാലികളും ജാഥകളും നടത്തിയും മറ്റുമുള്ള പ്രചാരണ രീതികളിൽ ആധുനിക വാർത്താവിനിമയ/മാധ്യമ സംവിധാനങ്ങൾ നിലവിലുള്ള ഈ കാലത്ത് മാറ്റങ്ങൾ വരുത്തേണ്ടതാണ്. ഈ തെരഞ്ഞെടുപ്പുകഴിയുമ്പോൾ നാടൊട്ടുക്ക് കുമിഞ്ഞു കൂടുന്ന ഫ്ളക്സ് ബോർഡുകളുടെയും ബാനറുകളുടെയും, പ്ലാസ്റ്റിക് പതാകകളുടെയും കാഴ്ച ഓർക്കുമ്പോൾ തന്നെ ഭയപ്പെടുത്തുന്നതാണ്. അടുത്തകാലത്ത് വിവിധരാഷ്ട്രീയ പാർട്ടികൾ വിവിധപേരുകളിൽ നടത്തിയ പ്രചാരണയാത്രകൾ നമ്മുടെ കൊച്ചുകേരളത്തെ ഇതിനകം തന്നെ ഒരു പ്ലാസ്റ്റിക് ഫ്ളക്സ് ആവരണത്തിൽ തളച്ചുകഴിഞ്ഞിരിക്കുന്നു. ഈ രൂപത്തിലുള്ള പ്രചാരണരീതികൾ അവലംബിക്കുന്ന ഒരു പൊതുതെരഞ്ഞെടുപ്പിനെകൂടി നേരിടാൻ കേരളത്തിലെ ഇത്തിരിപോന്നമണ്ണിന് കെൽപ്പുണ്ടാകുമോ എന്ന് നമ്മുടെ മുന്നണികൾ ഒന്നാലോചിക്കുമോ? ഭൂമിയെയും മണ്ണിനേയും സ്നേഹിക്കുന്ന പരമാവധി പ്രകൃതിയെ നോവിക്കാത്ത ഒരു പ്രചാരണ ശൈലി സ്വീകരിക്കാൻ, അതിനായി ചെറിയ ചുവടെങ്കിലും വെയ്ക്കാൻ നമ്മുടെ നേതാക്കൾക്ക് കഴിയട്ടെ.

നാളെയും ചവിട്ടിനിൽക്കാൻ ഒരുതരിമ്പ് മണ്ണ് ബാക്കിവെയ്ക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കാത്ത നേതക്കളുടെ കൈയ്യിൽ എങ്ങനെയാണ് നമ്മുടെ ഭാവിയെ ഏൽപ്പിക്കാൻ കഴിയുക?

## വായനയുടെ പക്ഷം

**വായനക്കാരുടെ പ്രതികരണങ്ങൾ തപാലിൽ, ടെലഫോണിൽ, SMSൽ, മെയിലിൽ,നേരിൽ........**

ചെറിയവരുടെ, ബഹുഭൂരിപക്ഷത്തിന്റെ വലിയ പ്രശ്നങ്ങൾ (ജീവനും അതിന്റെ നിലനില്പ്പും) കാണാൻ ഇത്തരം ലിറ്റിൽ മാസികകൾക്കേ കഴിയൂ. മെഗാമാഗസിനുകൾക്ക് വലിയവരുടെ ചെറിയ പ്രശ്നങ്ങൾ (ആർഭാടം, ധൂർത്ത്..) കാണാനേ കഴിയൂ.

വികസനമെന്ന പരിചയ്ക്ക് മറവിൽ എരിഞ്ഞൊടുങ്ങുന്ന സർവ്വജീവജാലങ്ങളുടെയും രോദനം കാണാൻ, കേൾക്കാൻ രാഷ്ട്രീയ നേതൃത്വവും പരാജയപ്പെട്ടിരിക്കുന്നു.

മാസിക നന്നായിവരട്ടെ. അതിനായി ഈ അണ്ണാൻകുഞ്ഞും തന്നാലായതു ചെയ്യാം.

*മുല്ലൂർ സുരേന്ദ്രൻ*

*തിരുവനന്തപുരം*

കഴിഞ്ഞലക്കം ലിറ്റിൽ മാസിക കണ്ട് മോൻ പറഞ്ഞു. 'യൂണിഫോമിൽ അഴുക്കായാൽ ഞങ്ങളെ വഴക്ക് പറയരുത്. കുട്ടികൾ മണ്ണിൽ കളിക്കട്ടെ എന്നാണല്ലോ ലിറ്റിൽ മാസിക യിൽ പറയുന്നത്.'

*റുമി എടവണ്ണ*

### ഡൽഹിയിൽ നിന്നൊരു കത്ത്

**ലി**മാ ചെറിയതെങ്കിലും അതിൽകൂടി പൂർത്തീകരിക്കുന്നത് വലിയ കാര്യങ്ങളാണ്. പ്രകൃതിയിൽ ഈ വൈരുദ്ധ്യം എവിടെയും കാണാം. പ്ലാവില സാമന്യം ചെറിയതാണ്. പക്ഷേ പ്ലാവിന്റെ ഫലം(ചക്കപ്പഴം) എത്ര വലിയതാണ്!. തേക്കില വളരെ വലിയ താണ്. പക്ഷേ തേക്കിൻ കുരു തീരെ ചെറുതും. ഒരു ചെറിയ കാന്താരിമുളക് കടിച്ചാൽ കുറേയെറെ സമയത്തേക്ക് എരിവ് നിൽക്കുന്നു. 'നമ്മുടെ കുട്ടികൾ മണ്ണിൽ കളിക്കട്ടെ' ഫീച്ചർ സമകാലിക കേരളം ആത്മപരിശോധന ചെയ്യേണ്ടതാണ്.

ഉദ്ദേശം 55 വർഷം മുമ്പ് മണ്ണിലും ചെളിയിലും വെള്ളത്തിലും ചവിട്ടിനടന്നതും ആർത്തുല്ലസിച്ച് കളിച്ചതും ഇന്നലത്തേതുപോലെ ഓർമ്മയിലുണ്ട്.

ഈയിടെ പാലയിൽ രണ്ടുമൂന്നു മാസം താമസിക്കാൻ അവസരമുണ്ടായി. പലരുടെയും, വീട്ടുമുറ്റം കരിങ്കൽ ചീളു(chip) കൊണ്ട് അലങ്കരിച്ചിരിക്കുന്നു. ഒരു പുൽക്കൊടി പോലും അവിടെ നാമ്പെടുക്കരുത്. ഒരു പുഴുവോ, കീടമോ വരരുത്,ജീവിക്കരുത്.ഇതിനൊരപവാദമായി ഞാൻ താമസിച്ചിരുന്ന വീട്ടുമുറ്റത്ത് പല ചെടികളും കളകളും സന്തോഷമായി, സമൃദ്ധമായി വളർന്നു. ഞാൻ അവരോട് കുശലം പറഞ്ഞ് എന്റെ സുഖ ദു:ഖങ്ങൾ പങ്കുവച്ചു. തുമ്പ, കിഴാർനെല്ലി, മുക്കുറ്റി, പുളിയാറില, തൊട്ടാവാടി, കുടകൻചീര, സാമ്പാർ ചീര തുടങ്ങി പേരറിയാത്ത പല ചെടികളും തനിയെ മുളച്ച് എന്നെ അനുഗ്രഹിച്ചു. കഴിഞ്ഞമാസം അത്യാവശ്യമായി കുറച്ചു ദിവസത്തേക്ക് അവിടെ ചെന്നപ്പോൾ, വേനൽചൂടിൽ പലതും ക്ഷീണിതരായി, എങ്കിലും ഞാൻ ജീവജലം കൊടുത്തപ്പോൾ പലർക്കും ഉണർവ്വും ഉന്മേഷ വുമായി.

*ദേവസ്യ എം.എം. ന്യൂഡെൽഹി*

ജോൺസി ജേക്കബിന്റെ കുമ്പളങ്ങാ മാഹാത്മ്യത്തിന് ഞാനൊരു അനുഭവ സാക്ഷിയാണ്. പത്തൊ പതിനഞ്ചോ കൊല്ലം മുമ്പ് കാല് മടക്കാനും നിവർത്താനും വേദനയേറെ തിന്നണമെന്ന് വന്നപ്പോൾ, ഒരു സുഹൃത്തെന്ന നിലക്ക് ഞാൻ അക്കാര്യം അദ്ദേഹത്തിനെഴുതി. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ഒരു മാസം കുമ്പളങ്ങനീർ കഴിച്ചതോടെ വേദനമാറി. ഇന്ന് അതെന്റെ ദിനചര്യയിൽ പെടുന്നു. രാവിലെ എഴുന്നേറ്റാൽ ഒരു ഗ്ലാസ് കുമ്പളങ്ങനീര്. ഈ 77-ാം വയസ്സിലും ഒരു പ്രശ്നവുമില്ലാതെ ദിവസേന ആറേഴ് കിലോമീറ്റർ നടക്കുന്നു–വ്യായാമമെന്ന നിലയിൽ.

*ടി.വി. അച്ച്യുതവാരിയർ*

*തൈക്കാട്ടുശ്ശേരി, തൃശ്ശൂർ*

ബിഷപ്പ് ഫിലിപ്പോസ് മാർ ക്രിസോസ്റ്റം കാർബൺ ഉപവാസത്തെ ക്കുറിച്ച് സംസാരിക്കുന്നു......



# കാർബൺ ഉപവാസം ജീവിത ശൈലിയാകുമ്പോൾ...

**ബിഷപ്പ് ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തന്റെ വിശ്വാസത്തെയും നിലപാടിനേയും ഹരിത ദർശനത്തോടെ വ്യാഖ്യാനിക്കുകയാണ്. മലയാള മനോരമ ദിനപത്രത്തിൽ മാർച്ച് 7 ന് അദ്ദേഹം എഴുതിയ ലേഖനത്തിൽ നിത്യജീവിതത്തിൽ പ്രാവർത്തികമാക്കാവുന്ന കാർബൺ ഉപവാസത്തെക്കുറിച്ച് പൊതുസമൂഹത്തോട് സംവദിക്കുന്നു**

ക്രൈസ്തവ സമൂഹത്തിന് ഇപ്പോൾ അമ്പത് നോമ്പിന്റെ കാലയളവാണ്. നോമ്പിന്റേയും ഉപവാസത്തിന്റെയും ഈ നാളുകളിൽ ജീവിതത്തിൽ പകർത്തേണ്ട ഏതാനും നിർദ്ദേശങ്ങൾ പൊതുസമൂഹത്തിനും മാതൃകയാക്കാവുന്നതാണ്

## കാർബൺ ഉപവാസത്തിന് ചില നിർദ്ദേശങ്ങൾ

●അത്യാവശ്യമില്ലാത്ത ഒരു ബൾബ് ഈ 50 ദിവസവും ഉപയോഗിക്കാതിരിക്കാം. ●മൊബൈൽ ഫോൺ ചാർജർ ഉപയോഗത്തിലല്ലാത്തപ്പോൾ ഊരിമാറ്റുക.

●യാത്രകുറച്ച് കാർബൺ പുറംതള്ളൽ കുറയ്ക്കാം. ●സാധ്യമായതെല്ലാം പുനരുപയോഗിക്കുക. ●എസിയുടെ ഉപയോഗം കുറയ്ക്കുക. ●ഉപയോ ഗത്തിലല്ലാത്തപ്പോൾ എല്ലാ വൈദ്യുതി ഉപകരണങ്ങളും സ്വിച്ച് ഓഫ് ചെയ്യുക. ഒരു ടിവി പ്രതിവർഷം 20 കിലോകാർബൺ ഡയോക്സൈഡ് പുറന്തള്ളുന്നുണ്ടെന്ന് ഓർക്കുക. ●ഡിഷ് വാഷറിന് ഒരു ദിവസമെങ്കിലും അവധി നൽകാം. ●പരിസ്ഥിതി അനുകൂല പ്രവർത്തികൾക്കു രാഷ്ട്രീയക്കാരെ പ്രേരിപ്പിക്കുക. ●വൈദ്യുതി, ഗ്യാസ്, പെട്രോൾ, ഡീസൽ വിതരണക്കാരെ ഹരിത പദ്ധതിക്കു പ്രേരിപ്പിക്കു. ●പ്ലാസ്റ്റിക് ബാഗ് ഉപേക്ഷിക്കാം. ●സാധനങ്ങൾ വാങ്ങാൻ പോകുമ്പോൾ പഴയ തുണിസഞ്ചി മറക്കേണ്ട. ●മുറി വിടുമ്പോൾ ലൈറ്റുകൾ സ്വിച്ച് ഓഫ് ചെയ്യുക. ●കെറ്റിൽ ഉപയോഗിക്കുമ്പോൾ ആവശ്യത്തിനു മാത്രം വെള്ളം നിറയ്ക്കുക. ●വിമാന യാത്ര കുറയ്ക്കുക. ●വിമാനത്തിൽ കൊണ്ടുവരുന്ന ഭക്ഷണത്തിന്റെ ഉപയോഗം നിർത്താം. ●ഭക്ഷ്യാവശിഷ്ടങ്ങളും മറ്റും കംപോസ്റ്റായി മാറ്റാം. ●കടലാസിന്റെ ഉപയോഗം കുറയ്ക്കാനുള്ള ഒരു വഴിയെങ്കിലും കണ്ടെത്തുക. ●പുനുരുപയോഗം ആവാം. ●ടാപ്പുകൾ കൃത്യമായി അടയ്ക്കാൻ മറക്കേണ്ട. ഒരു തുള്ളി വീതം ചോർന്നാൽ ഒരു ദിവസംകൊണ്ട് ഒന്നു കുളി സുഹൃത്തുക്കളെ ക്ഷണിക്കാം. ●കാറുടമകളോടു ടയറിന്റെ മർദം കൃത്യമായി നോക്കാൻ ഉപദേശിക്കാം. മർദ്ദം കൃത്യമല്ലെങ്കിൽ 16000 കിലോമീറ്റർ യാത്രയിൽ 150 കിലോ കാർബൺ പുറന്തള്ളൽ ഒഴിവാക്കാനാവും. ●വീട്ടിൽ ഊർജ്ജം പാഴാക്കുന്നില്ലെന്ന് ഉറപ്പാക്കാം. ●വാഷിംഗ് മെഷീൻ 30 ഡിഗ്രിയിൽ പ്രവർത്തിപ്പിച്ചാൽ മതി, 40 ഡിഗ്രി വേണ്ട. നേട്ടം 40%. ●ഊർജം പാഴാക്കുന്ന പഴയ തേപ്പുപെട്ടി മാറ്റാം. അതുപോലുള്ള മറ്റ് ഉപകരണങ്ങളും. ●ഒരു നേരത്തെ ഭക്ഷണം പാചകം ചെയ്യാത്തത് ആവട്ടെ. ഊർജ ലാഭം. ആരോഗ്യത്തിന് നല്ലത്. ●നിശ്ശബ്ദതയുടെ വിലയറിയുക. ●ടി.വിയും റേഡിയോയും ഇന്നു വേണ്ട. ●സ്വന്തം ആരാധനാലയങ്ങൾ പരിസ്ഥിതി അനുകൂലമാക്കുക. ചുറ്റും മരങ്ങൾ വച്ചു പിടിപ്പിക്കാം. ●ജല സംരക്ഷണം. ●പല്ലു തേയ്ക്കുമ്പോൾ ടാപ്പു തുറന്നിടേണ്ട. ●പച്ചക്കറികളും മറ്റും കഴുകിയ വെള്ളം തോട്ടം നനയ്ക്കാൻ പ്രയോജ നപ്പെടുത്താം. ●ഉപയോഗശേഷം വലിച്ചെറി യുന്ന ബോൾ പേനയ്ക്കു പകരം മഷി നിറയ്ക്കുന്ന പേന ഉപയോഗിക്കാം. ●ആരാധനക്ക് കൈകൊണ്ടു നിർമ്മിച്ച മെഴുകുതിരി ഉപയോഗിക്കാം. സുഗന്ധവസ്തുക്കളും പരിസ്ഥിതി അനുകൂലമാകട്ടെ. ●ദേവാലയത്തിലെ ഇന്നത്തെ പ്രാർത്ഥന പകൽ വെളിച്ചത്തിലാവട്ടെ. ●ആവശ്യ മില്ലാത്ത ലൈറ്റുകളും ഫാനുകളും സ്വിച്ച് ഓഫ് ചെയ്യുക. ●വാഹന ഉപയോഗം വേണ്ടെന്നുവയ്ക്കുക. നടപ്പ് ആരോഗ്യത്തിനു നന്ന്. ●വീട്ടിൽ പഴയ ബൾബ് മാറ്റി ഊർജം ലാഭിക്കുന്ന ബൾബ് ഇടുക. ഇങ്ങനെ നമ്മുടെ ചെറിയ ശ്രമങ്ങളിലൂടെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷം കുറയ്ക്കാൻ ഒട്ടേറെ ചെയ്യാനാവും നിത്യജീവിതത്തിൽ നാം വരുത്തുന്ന ചെറിയ മാറ്റങ്ങൾ ലോകത്തു വലിയ മാറ്റത്തിനിടയാക്കുമെന്നറിയുക.

**നമ്മുടെ ചെറിയ ശ്രമങ്ങളിലൂടെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷം കുറയ്ക്കാൻ ഒട്ടേറെ ചെയ്യാനാവും നിത്യജീവിതത്തിൽ നാം വരുത്തുന്ന ചെറിയ മാറ്റങ്ങൾ ലോകത്തു വലിയ മാറ്റത്തിനിടയാ ക്കുമെന്നറിയുക.**

## വായനയുടെ പക്ഷം

### 'പൊടി' പൂരങ്ങളുടെ നാട്

ലിറ്റിൽ മാഗസിൻ കിട്ടുമ്പോൾ ചൂടോടെ വായിക്കുന്നു. ചെറുതിന്റെ മാഹാത്മ്യത്തെ കുറിച്ച്, സൈക്കിൾ യുഗത്തെ കുറിച്ച്, അയഞ്ഞ കുപ്പായത്തെക്കുറിച്ച്, കുമ്പളങ്ങയുടെ ഗുണങ്ങളെക്കുറിച്ച് ലിറ്റിൽ മാസികയിൽ നിന്നുള്ള വിളംബരങ്ങൾ വായനയുടെ ആലസ്യത്തിൽ നിന്നും ഞങ്ങളെ ഉണർത്തുന്നു. സാമ്പത്തിക മാന്ദ്യത്തെക്കുറിച്ചൊക്കെ കേൾക്കാൻ തുടങ്ങിയിട്ടി നാളുകളേറെയായെങ്കിലും കേരളം ഈ ഭൂഗോളത്തിൽ ഇങ്ങേതലക്കൽ കിടക്കുന്ന ഒരു ലിറ്റിൽ ഗോളമായതുകൊണ്ടാണോ എന്നറിയില്ല ഇവിടെ ഒരു മാന്ദ്യവും കാണുന്നില്ല. എല്ലായിടത്തും ആർഭാടത്തിന്റെ 'പൊടി'പൂരമാണ്. ഉത്സവങ്ങൾ, നേർച്ചകൾ, പള്ളിപ്പെരുന്നാളുകൾ എല്ലാം പൊടിപൂരമായി കൊണ്ടാടുക യാണ്. ഉത്സവങ്ങൾ ഞങ്ങൾക്കെന്നും ഹരമാണ്. കൊടുങ്ങല്ലൂർ താലപ്പൊലി, വടകര കീഴൂർ ശിവക്ഷേത്രത്തിലെ ഉത്സവം, മച്ചാട് മാമാങ്കം, ചെട്ടിക്കുളങ്ങര ഭരണി തുടങ്ങി ഏതാനും ഉത്സവങ്ങൾക്ക് ഇത്തവണയും ഞങ്ങൾ പോയി. എല്ലായിടത്തും പണക്കൊഴുപ്പിന്റെ മേളകൾ, വെടിക്കെട്ടിന്റെ കാത് തകർക്കുന്ന പ്രകമ്പനങ്ങൾ. ഓരോ കെട്ട് കാഴ്ചക്കും എട്ട് ലക്ഷത്തോളം ചെലവ് വരുന്ന നെടുങ്കൻ കുതിരകൾ. എന്നാൽ പൊടി കൊണ്ട് പൂരമാക്കുന്ന പൂരപ്പറമ്പുകളെ അൽപ്പം വെള്ളം കോരിയൊഴിച്ച് തണുപ്പിക്കാ നുള്ള ശ്രദ്ധ മാത്രം ആരും കാട്ടിയില്ല. ജനങ്ങൾ പൊടി ശ്വസിച്ച് ശ്വാസം മുട്ടി തിരക്കിൽ നടന്ന് പുളയുന്നു. എന്ത് വിചിത്രമായ കാഴ്ചകൾ. ആനയെ മേടിച്ചിട്ട് തോട്ടി വാങ്ങാൻ കാശില്ലെന്നു പറഞ്ഞതു പോലെ ലക്ഷങ്ങളും കോടികളും ചെലവിട്ട് ആഘോഷങ്ങൾ കേമമാക്കുമ്പോഴും ഒരൽപ്പം വെള്ളമൊഴിച്ച് ഉത്സവപ്പറമ്പിനെ പൊടി രഹിതമാക്കിയാൽ 'പൊടി'പൂരമായി എന്നു പറയാൻ കഴിയാതെ വരുമെന്ന് കരുതിയാണോ ഇങ്ങനെ ജന ങ്ങളെ ശ്വാസം മുട്ടിക്കുന്നത്.

*കരീം കെ.പുറം, പുത്തൻചിറ തൃശൂർ*

POST CARD Impact

# തപാൽ കാർഡ് ഒരു ആയുധമാകുമ്പോൾ



ലിമാ ന്യൂസ് ഡെസ്ക്

**പോസ്റ്റ്മാൻ കയ്യിൽ തന്നു പോകുന്ന ഒരു തപാൽ കാർഡ് നമ്മോടുപലതും പറയുന്നു. വിദൂരത്ത് നിന്ന് ഒരാൾ ഏകാന്തമായിരുന്നെഴുതി തപാൽപ്പെട്ടിയിലിട്ടത് രണ്ടുമൂന്ന് ദിവസത്തെ സഞ്ചാരം കഴിഞ്ഞ് നാട്ടിലെ പോസ്റ്റാഫീസിലെത്തി നെറുകയിൽ കരിമഷി മുദ്രകളുമായി നമ്മെ തേടിയെത്തുന്ന ഒരു അമൂല്യ ജീവിത രേഖ. സൂക്ഷിച്ചുവെച്ചാൽ പിന്നീട് എടുത്തുനോക്കി ഓർമ്മകളുണർത്താൻ സഹായിക്കുന്ന ചരിത്രരേഖ. ഓരോ മനുഷ്യന്റെയും വിരൽപ്പാടുകൾ പതിഞ്ഞ ആട്ടോഗ്രാഫ് ആണ് തപാൽ കാർഡ്.**

ഒരു സാധാരണ തപാൽകാർഡിന് വില 50 പൈസ. മേഘദൂത്കാർഡിന് 25 പൈസ. രാജ്യത്തെവിടെയും കുറഞ്ഞ ചെലവിൽ സന്ദേശങ്ങൾ എഴുതി അയക്കാൻ ഭാരതസർക്കാർ ഏർപ്പെടുത്തിയ മാർഗ്ഗം.

ഇ മെയിൽ ചാറ്റിംഗ്, എസ്.എം.എസ് യുഗമാണിത്. ഇതിനിടയിൽ പോസ്റ്റാഫീസിൽ പോയി കാർഡ് വാങ്ങി കത്തെഴുതി അയക്കാൻ ആർക്കാണ് നേരം?.

പോസ്റ്റ്മാൻ കയ്യിൽ തന്നു പോകുന്ന ഒരു തപാൽ കാർഡ് നമ്മോടുപലതും പറയുന്നു. വിദൂരത്ത് നിന്ന് ഒരാൾ ഏകാന്തമായിരുന്നെഴുതി തപാൽപ്പെട്ടിയിലിട്ടത് രണ്ടുമൂന്ന് ദിവസത്തെ സഞ്ചാരം കഴിഞ്ഞ് നാട്ടിലെ പോസ്റ്റാഫീസിലെത്തി നെറുകയിൽ കരിമഷി മുദ്രകളുമായി നമ്മെ തേടിയെത്തുന്ന ഒരു അമൂല്യ ജീവിത രേഖ. സൂക്ഷിച്ചുവെച്ചാൽ പിന്നീട് എടുത്തുനോക്കി ഓർമ്മകളുണർത്താൻ സഹായിക്കുന്ന ചരിത്രരേഖ. ഓരോ മനുഷ്യന്റെയും വിരൽപ്പാടുകൾ പതിഞ്ഞ ആട്ടോഗ്രാഫ് ആണ് തപാൽ കാർഡ്. 50 പൈസാകാർഡിൽ ഇരുപുറവും അഡ്ജസ്റ്റ്ചെയ്തെഴുതിയാൽ ഒത്തിരി കാര്യങ്ങൾ കുറിക്കാൻ കഴിയും.

## തപാൽകാർഡ് ഹോബി

വിവിധ രാജ്യങ്ങളിലെ തപാൽ കാർഡുകൾ ശേഖരിക്കൽ ഒരു നല്ല ഹോബിയാണ്. ഡെൽഷ്യോളജിസ്റ്റ് (Deltiologist) എന്നാണ് ഈ ഹോബി സ്വീകരിച്ചവരെ വിളിക്കുക. വിദേശ രാജ്യങ്ങൾ സന്ദർശിക്കുന്നവർ അവിടത്തെ പോസ്റ്റ് ഓഫീസിൽ നിന്ന് കാർഡ് വാങ്ങി കത്തെഴുതി ഡെൽഷ്യോളജിസ്റ്റുകളായ സുഹൃത്തുകൾക്ക് അയക്കാറുണ്ട്.

പ്രശസ്തരുടെ കൈപ്പടയിലുള്ള സന്ദേശങ്ങൾ തപാൽ കാർഡിൽ ആവശ്യപ്പെട്ട് ആട്ടോഗ്രാഫ് ശേഖരിക്കുന്നവരുണ്ട്. എഴുത്തുകാരൻ റഹ്മാൻ കിടങ്ങയം തപാൽ കാർഡുകളുടെ ഒരാൽബം തന്നെ സൂക്ഷിക്കുന്നതായി അറിയാം.

സഞ്ചാരങ്ങൾക്കിടയിൽ വിവിധ പോസ്റ്റ് ആപ്പീസുകളിൽ നിന്ന് തപാൽ കാർഡുകളിൽ സുഹൃത്തുകൾക്ക് കത്തെഴുതി അയക്കുന്ന യാത്രികരുണ്ട്. ഭാരതത്തിന്റെ അവസാനത്തെ തപാൽപ്പെട്ടിയിൽ കത്തെഴുതിയിടൽ കാശ്മീർ സഞ്ചാരികളുടെ പതിവാണ്. തപാൽ കാർഡിലയക്കുന്ന ആശംസകൾ ചെലവുകുറഞ്ഞ ആശംസാ കാർഡുകളാണ്.

## കാർഡിന്റെ ശക്തി

തപാൽ കാർഡിൽ ഊമകത്തുകളെഴുതി ഞെട്ടിപ്പിക്കുന്നവരുണ്ട്. കാർഡെഴുത്ത് സാമൂഹ്യ ഇടപെടലുകൾക്കായി ഉപയോഗിക്കുന്ന വ്യക്തികളും സംഘടനകളുമുണ്ട്.

കേരളത്തിലെ ഒരു സ്വകാര്യ മെഡിക്കൽ കോളേജിൽ അനധികൃത പരീക്ഷണങ്ങൾക്കായി വന്യജീവികളെ കൂട്ടിലിട്ട് വളർത്തുന്നത് ശ്രദ്ധയിൽപ്പെട്ട ഒരു പരിസ്ഥിതി പ്രവർത്തകൻ അധികൃതർക്ക് പേര് വെക്കാതെ കാർഡയച്ചു. വന്യമൃഗത്തെ മോചിപ്പിക്കാൻ ആവശ്യമായ കാര്യങ്ങൾ കാർഡ് കിട്ടി ഒരാഴ്ചക്കകം സ്വീകരിച്ചില്ലെങ്കിൽ പ്രക്ഷോഭ സമരങ്ങളുമായി മുന്നോട്ടു വരുമെന്നാണ് കാർഡിലെഴു തിയിരുന്നത് ഒരാഴ്ചക്കകം ഫലമുണ്ടായി. 50 പൈസാകാർഡിന്റെ ശക്തി!.

## കള്ളൻ വായിച്ചറിയാൻ സ്നേഹ പൂർവ്വം ഒരു കാർഡ്

തിരൂരിലെ ഗാന്ധിയൻ പ്രകൃതിചികിത്സാലയത്തിലെ ഡോ.പി.എ.രാധാകൃഷ്ണൻ കാർഡെഴുത്തുമായി ബന്ധപ്പെട്ട രസകരമായ ഒരനുഭവം പങ്കുവെച്ചത് ഓർക്കുന്നു. വീടുകളിൽ നിന്ന് ജനൽവഴി മോഷണം പതിവാക്കിയ കള്ളനെ പിടികൂടാൻ നാട്ടുകാർ സംഘടിച്ചു. ഇതിനിടെ ഡോക്ടറുടെ വീട്ടിൽ മോഷ്ടിക്കാനെത്തിയ കള്ളൻ ശബ്ദം കേട്ട് ഓടിരക്ഷപ്പെടുന്നതിനിടെ ഡോക്ടർ കള്ളനെ തിരിച്ചറിഞ്ഞു. അയൽപക്കത്തെ പാവപ്പെട്ട ഒരു കുടുംബത്തിൽ നിന്ന് വിവാഹം കഴിച്ചയാളാണ് കള്ളൻ. പ്രാരാബ്ധം നിറഞ്ഞ അനാഥ കുടുംബത്തിന്റെ സംരക്ഷകനായി മാറിയ നന്മയുള്ളവൻ. ടൗണിലെ തട്ടുകടയിലെ കച്ചവടം കഴിഞ്ഞ് രാത്രി തിരികെ വരുമ്പോൾ വീടുകളിൽ നിന്ന് സൗകര്യപ്പെട്ടാൽ കിട്ടാവുന്നത് കൈക്കലാക്കുന്ന ചെറിയ മോഷണം. കള്ളനെ തിരിച്ചറിഞ്ഞതോടെ ഡോക്ടർ വിഷമത്തിലായി. ഇയാളെ പിടികൂടിയാൽ ഒരു ദരിദ്രകുടുംബം തീർത്തും അനാഥമാകും. ഒടുവിൽ ഡോക്ടർ ഒരു വഴി കണ്ടുപിടിച്ചു. കള്ളന് ഊമകത്തെഴുതുക. നിങ്ങൾ മോഷണം നടത്തുന്നത് കണ്ടിട്ടുണ്ടെന്നും ഇതു നിർത്തിയില്ലെങ്കിൽ പോലീസിൽ വിവരമറിയിക്കുമെന്നും സഹതാപം കൊണ്ടാണ് ഇപ്പോൾ അങ്ങനെ ചെയ്യാത്തതെന്നും കാർഡിൽ എഴുതി കള്ളന്റെ വിലാസത്തിൽ അയച്ചു. അതോടെ മോഷണപരമ്പര അവസാനിച്ചു. അജ്ഞാതനായ കാർഡെഴുത്തുകാരനെ അഭിമുഖീകരിക്കാനുള്ള മടി കൊണ്ടാവാം അയാൾ തട്ടുകട അല്പം അകലേക്ക് മാറ്റിയത്രെ!.

## പൂമാലയും കല്ലേറും കാർഡിൽ

അധികാരികളുടെ, പൊതു പ്രവർത്തകരുടെ, ഉദ്യോഗസ്ഥരുടെ തെറ്റായ പ്രവണതകൾക്കെതിരെ ശക്തമായ ഭാഷയിൽ കാർഡയച്ച് പ്രതികരിക്കുന്ന അതേ പ്രാധാന്യത്തോടെ നല്ലരീതിയിൽ ഡ്യൂട്ടി ചെയ്യുന്നവരെ അഭിനന്ദിക്കാനും കാർഡുകൾ അയച്ചിരുന്ന ശീലക്കാരനായിരുന്നു അന്തരിച്ച പരിസ്ഥിതി പ്രവർത്തകൻ മൂൺസ് ചന്ദ്രൻ.

## പോസ്റ്റ് കാർഡ് കാമ്പയിൻ

പോസ്റ്റ് കാർഡിൽ അധികാരികളെ തിരുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും ആവശ്യപ്പെട്ടുകൊണ്ട് കാമ്പയിൻ നടത്തുന്ന സംഘടനകളുണ്ട്. പരിസ്ഥിതി സംഘടനകൾ പലപ്പോഴും ഇത്തരം കാമ്പയിനുകൾക്ക് നേതൃത്വം നൽകുന്നു. അന്താരാഷ്ട്രതലങ്ങളിൽ നടക്കുന്ന അഹിംസാത്മകവും ശക്തവുമായ ഒരു സമരമാർഗ്ഗമാണിത്. ഒരു വിഷയത്തെ അധികരിച്ച് വിവിധ പ്രദേശങ്ങളിൽ നിന്ന് ധാരാളം തപാൽ കാർഡുകൾ അധികാര കേന്ദ്രങ്ങളിലേക്ക് ചെല്ലുമ്പോൾ അത് നിവേദനത്തേക്കാളും ശക്തിയുള്ളതാകും. മന്ത്രിമാർ ഇത്തരം കാർഡുകളെ നിവേദനമായി പരിഗണിച്ച് ഫയലിൽ സ്വീകരിച്ച് മറുപടി നൽകാറുമുണ്ട്. ചിലപ്പോഴെങ്കിലും ഇത്തരം കാമ്പയിനുകൾക്ക് ചെറിയ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ജഡ്ജിമാർ അപൂർവ്വം ചില കാർഡുകൾ പൊതുതാത്പര്യ ഹരജിയായി പരിഗണിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പോസ്റ്റ് കാർഡിൽ അധികാരികളെ തിരുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും ആവശ്യപ്പെട്ടുകൊണ്ട് കാമ്പയിൻ നടത്തുന്ന സംഘടനകളുണ്ട്.**

ശേഷം 5 പേജ് 5 ൽ

# പ്രിയപ്പെട്ട രോഗി അറിയാൻ ഡോക്ടർ എഴുതുന്നത്.....

**പോസ്റ്റ്കാർഡിലൂടെ ബോധവൽക്കരണം നടത്തുന്ന ഡോക്ടർ അരവീദീ രാമയോഗ്യക്കുറിച്ച്.. തന്റെ രോഗികൾക്ക് ചികിത്സയുടെ തുടർപദ്ധതിയായി കാർഡയക്കുന്ന രാമയോഗ്യാ അവരുമായി നിരന്തരം സമ്പർക്കത്തിലേർപ്പെടുന്നു.**

ഡോ.അരവീദീ രാമയോഗ്യ നിരന്തരം പോസ്റ്റ് കാർഡിൽ എഴുതിക്കൊണ്ടേയിരിക്കുകയാണ്. ആരോഗ്യ സംബന്ധിയായ വിഷയങ്ങളിൽ പോസ്റ്റ് കാർഡിൽ ടിപ്പ്സുകൾ എഴുതി പരമാവധി ആളുകളുടെ മേൽ വിലാസങ്ങൾ തേടിപ്പിടിച്ച് അയച്ചു കൊണ്ട് ബോധവൽക്കരണ പ്രവർത്തനം നടത്തുന്ന ഈ ഡോക്ടർ ഇതിനകം 19,000ത്തോളം പോസ്റ്റ് കാർഡ് കത്തുകൾ അയച്ചുകഴിഞ്ഞു.

മുലയൂട്ടലിന്റെ ആവശ്യകത, പകർച്ച വ്യാധികളുടെ നിർവ്യാപനം, ജലത്തിൽ നിന്ന് പകരുന്നരോഗങ്ങൾ, തുടങ്ങി ശുചിത്വം, ആരോഗ്യപരിരക്ഷ എന്നിങ്ങനെ വിപുലവും വ്യത്യസ്തവുമായ അടിസ്ഥാന ആരോ ഗ്യവിഷയങ്ങൾ ഗ്രാമീണരിലും നഗരവാ സികളിലും നിരന്തരം എത്തിക്കുകയാണ് പോസ്റ്റ്കാർഡ് എന്ന ചിലവു കുറഞ്ഞതും ഫലപ്രദവുമായ മാധ്യമത്തിലൂടെ മനുഷ്യസ്നേഹിയായ ഈ ഡോക്ടർ.

ആളുകളുടെ വിലാസങ്ങൾ ശേഖരിക്കുന്നത് ഒരു ഹോബി പോലെയായിത്തീർന്നിട്ടുണ്ട് ഡോക്ടർക്ക് ഇപ്പോൾ. താൻ ജോലി ചെയ്യുന്ന സ്ഥലത്ത് തന്നെ കാണാൻ വരുന്ന രോഗികളുടെ വിലാസം ശേഖരിക്കുന്നു. എവിടെചെന്നാലും പൊതുയോഗങ്ങളാവട്ടെ, മറ്റെന്തു പരിപാടികളുമാവട്ടെ കുറച്ച് മേൽവിലാസങ്ങൾ കിട്ടിയാൽ അത് ശേഖരിച്ച് വെക്കും. കുടുംബാംഗങ്ങളുടെകൂടി സഹായത്തോടെ പിന്നെ കിട്ടിയ വിലാസങ്ങളിലേക്ക് കത്തയക്കുകയായി. തന്റെ രോഗികൾക്ക് ചികിത്സയുടെ തുടർപദ്ധതിയായി കാർഡയക്കുന്ന രാമയോഗ്യാ അവരുമായി നിരന്തരം സമ്പർക്കത്തിലേർപ്പെടുന്നു.

ആവശ്യമെങ്കിൽ ഈ മെയിൻ കൊ റിയർ സംവിധാനങ്ങളും സ്വന്തം ചിലവിൽ തന്നെ ഉപയോഗപ്പെടുത്താറുണ്ട്.

ഗ്രാമീണ ജനങ്ങൾക്ക് തന്നെയല്ല വിദ്യാസമ്പന്നരായ നഗരവാസികൾക്കും രാമയോഗ്യയുടെ കാർഡുകൾ കിട്ടാറുണ്ട്. ഭക്ഷണം കഴിക്കുന്നതിന് മുമ്പ് കൈ കഴുകി ടൗവ്വൽ കൊണ്ട് തുടയ്ക്കുന്ന സ്വഭാവം നിങ്ങൾക്കുണ്ടോ. ഉണ്ടെങ്കിൽ സൂക്ഷിക്കുക ടൗവ്വൽ പ്രയോഗത്തിലൂടെ രോഗാണുക്കൾ വീണ്ടും കൈകളിൽ തിരിച്ചെത്തിയേക്കാം രാമയോഗ്യയുടെ ഇത്തരം വിലയേറിയ ആരോഗ്യ ഉപദേശങ്ങൾ നിങ്ങളെത്തേടിയും എത്തും.

കത്തയക്കുവാൻ മറന്നുപോവുന്നവരുടെ ഈ തലമുറയിലും പോസ്റ്റ് കാർഡിനെ തന്റെ പ്രചാരണ ഉപാധിയാക്കി പ്രയോജനപ്പെടുത്തുന്ന ഡോ.രാമയോഗ്യ പോസ്റ്റ് കാർഡ് എന്ന മാധ്യമത്തെ കൂടിയാണ് പരിചയ പ്പെടുത്തുന്നത്.

**- ലിമ ന്യൂസ്**

---

**തപാൽ കാർഡ് ഒരു ആയുധമാകുമ്പോൾ**

### കത്തെഴുത്ത് ശീലമാക്കിയവർ

ടെലിഫോൺ ഉപയോഗം അത്യാവശ്യത്തിനു മാത്രമാക്കി കാർഡ് സംസ്കാരം ആദർശമാക്കിയവർ ധാരാളം പേരുണ്ട്. പ്രശസ്തകവി മണമ്പൂർ രാജൻ ബാബു ധാരാളം കാർഡുകളയക്കുന്ന കൂട്ടത്തിലാണ്. വ്യത്യസ്ത വർണ്ണങ്ങൾ ഉപയോഗിച്ച് എഴുതുന്ന അദ്ദേഹത്തിന്റെ കാർഡുകൾ മനോഹരമായ ആട്ടോഗ്രാഫുകളാണ്. അദ്ദേഹത്തിന്റെ 'ഇന്ന്' മാസിക തപാലിൽ കത്തെഴുതാൻ നിരന്തരം ഓർമ്മിപ്പിക്കുന്നു. ഒരു പോസ്റ്റ് കാർഡിൽ കൊള്ളുന്നവയാണ് ഇന്നിലെ രചനകൾ.

"തപാലിൽ വന്നെത്തിയ കത്തുകൾ അടങ്ങിക്കിടക്കുകയില്ല. നാം മറക്കാൻ തുടങ്ങുമ്പോൾ അവ ഓർമ്മിപ്പിക്കും. നാം നടന്നകലുമ്പോൾ അവ വന്ന് കെട്ടിപ്പിടിക്കും. തോറ്റും ഒറ്റപ്പെട്ടും നാം കിതയ്ക്കുമ്പോൾ അവ പ്രണയം തന്ന് ജീവിതത്തെ ദീപ്തമാക്കും. ഇനിയെന്ത് എന്ന് ജീവിതം സന്നിഗ്ധമാകുമ്പോൾ അവ നേർവഴികാട്ടി അച്ഛന്റെ വാത്സല്യം തരും. മനുഷ്യ ബന്ധങ്ങളുടെ പാലങ്ങൾ തകരുമ്പോൾ അവ ചങ്ങാത്തത്തിന്റെ ചങ്ങാടങ്ങളായിമാറും.. .........കൈപ്പടകൾ കൈകളാൽ എഴുതപ്പെട്ടവയല്ല. ഹൃദയത്താൽ രേഖപ്പെടുത്തപ്പെട്ടവയാണ്. ചുരുട്ടിപ്പിടിച്ച കൈക്ക് ഹൃദയാകൃതിയാണ്. കൈകൊണ്ടെഴുതുമ്പോൾ ഹൃദയം കൊണ്ടാണ് എഴുതുന്നത്. അടഞ്ഞമനസ്സുകളുടെ വാതിലിനു മുമ്പിൽ നിന്ന് ഹൃദയാക്ഷരങ്ങൾ അശാന്തമായി മുട്ടിവിളിക്കുകയാണ്."


-രാവുണ്ണി.

(കൈപ്പടയിലെ നെഞ്ചൊപ്പുകൾ' ദേശാഭിമാനി വാരാന്തപ്പതിപ്പ് 2009മാർച്ച്.)

---

# കത്തെഴുത്ത്

**ഗുരു നിത്യ ചൈതന്യ യതിക്ക് കത്തെഴുത്ത് ഒരു സർഗാവിഷ്കാരം തന്നെയായിരുന്നു**



*ലളിതവും അതേസമയം ദാർശനികമായി ആഡംബരമാർന്നതുമായിരുന്നു ഗുരു നിത്യയുടെ കത്തുകൾ. അദ്ദേഹം ജനകീയനായ സന്യാസിയായിരുന്നു. എഴുത്തിനെയും സാഹിത്യത്തേയും ഉള്ളറിഞ്ഞു പ്രണയിച്ച അദ്ദേഹത്തിന്റെ മറ്റൊരു കടുത്ത ഇഷ്ടം പുസ്തകങ്ങളോടായിരുന്നു. ലോകമെങ്ങുമുള്ള പ്രയപ്പെട്ടവരുമായി കത്തുക ളിലൂടെ സ്നേഹഭാഷ പങ്കിട്ടു.*

**ഗുരുവിന്റെ ലളിതജീവിതത്തെ അടയാള പ്പെടുത്തുന്ന ഒരു കത്തിൽ നിന്നുള്ള വരികൾ :**

എന്റെ നിക്ഷേപം പണമായിട്ടായിരുന്നില്ല. ഇപ്പോഴും അല്ല. ഉപനിഷത്തുകൾ, ഭഗ വദ്ഗീത, പുതിയനിയമം, ഖുറാൻ, ചൈന യിലെ ജ്ഞാനികൾ, സെന്റ് ഫ്രാൻസിസ് ഓഫ് അസിസ്സി, സെന്റ് തെരേസ ഓഫ് ആവില, തുടങ്ങിയവരുടെ കൃതികൾ ഒക്കെയാണ് വിശ്വാസത്തെയും നൈതികതയെയും എന്നും നയിച്ചിട്ടുള്ളത്.

യൂറോപ്പിലും അമേരിക്കയിലും ആയിരുന്നപ്പോഴും രാത്രിയിലുള്ള കഞ്ഞിയും പയറും ഉപേക്ഷിച്ചിട്ടില്ല. കഴിഞ്ഞ 54 വർഷമായിട്ട് എല്ലാ ദിവസവും വെളുപ്പിന് 5 മണിക്ക് എഴുന്നേൽക്കും. രാത്രി 10.30 മണിക്ക് ഉറങ്ങണം. അതിനിടയിൽ ഒരു മണിക്കൂർ വിശ്രമിക്കും. 16 മണിക്കൂറോളം നിരന്തരമായി പണിയെടുക്കുന്നുണ്ട്. ഞാൻ നടരാജഗുരുവിന്റെ ശിഷ്യനായിരുന്നു. അദ്ദേഹത്തെ എല്ലാവരും ഗുരു എന്നു വിളിച്ചിരുന്നു. അദ്ദേഹം അന്തരിച്ചപ്പോൾ അദ്ദേഹത്തിനു വേണ്ടി ഗുരുകുലം നടത്തുവാൻ ഞാൻ നിയോഗിക്കപ്പെട്ടതിനാൽ എന്നെയും ആളുകൾ അങ്ങനെ വിളിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ ഞാൻ ആരുടെയും ഗുരുവല്ല. ആരെയും ശിഷ്യനെന്നോ ശിഷ്യയെന്നോ വിളിക്കാറില്ല എല്ലാവരെയും സ്നേഹിതരായി കരുതുന്നു.

*ഗുരു നിത്യ*

## മൂന്ന് കുട്ടികഥകൾ

ഷിനോ ജേക്കബ് കൂറ്റനാട്

### വീട്ടമ്മ

ഉച്ചഭക്ഷണം കഴിഞ്ഞ് അതിഥികൾ ഏമ്പക്കം വിട്ടിരുന്നുപറഞ്ഞു.
സാമ്പാർ ഉഗ്രൻ....
അവീൽ കേമം......
അച്ചാർ കെങ്കേമം...
പായസം മനം മയക്കുന്നത്......
വീട്ടമ്മയുടെ മനം കുളിർത്തു. അവർ മനസ്സിൽ നന്ദിപറഞ്ഞു, ഈസ്റ്റേൺ സാമ്പാർ പൊടിയോട്, മിൽമാതൈരിനോട്, മേളം അച്ചാറിനോട്, ആർ.കെ.ജി നെയ്യിനോട്.

### സമാസമം

മുക്കുവൻ കടലിൽ പോയി ആയിരം മീനുകളെ പിടിച്ചു കൊണ്ടുവന്ന് തിന്നു തീർത്തു.

മുക്കുവൻ കടലിൽ മുങ്ങിപോയപ്പോൾ ആയിരം മീനുകൾ ചേർന്ന് മുക്കുവനെ തിന്നുതീർത്തു.

അങ്ങിനെ പ്രകൃതി എന്നും സമാസമം പാലിച്ചുപോന്നു.

### ഡോക്ടർ

നല്ലഭക്ഷണം കഴിക്കാൻ ഡോക്ടർ പറഞ്ഞപ്പോൾ ചിക്കനും പോരോട്ടയും വയറുനിറയെ കഴിച്ചതാണല്ലോ...? വയർ ഒരിക്കലും ഒഴിച്ചിടരുതെന്നല്ലേ ഡോക്ടർ പറഞ്ഞത് വിശ്രമിക്കണമെന്നു പറഞ്ഞു പ്പോൾ വീട്ടിനു പുറത്തിറങ്ങാതെ ഏകദിനമത്സരം മുഴുവനും കണ്ടുതീർത്തതാണല്ലോ..?

പോഷകാഹാരം സ്ഥിരിമാക്കണമെന്ന് ഡോക്ടർ പറഞ്ഞപ്പോഴല്ലേ പാലും മുട്ടയും എന്നും കഴിച്ചു തുടങ്ങിയത്.

ഡോക്ടർ പറഞ്ഞതെല്ലാം ഞാൻ അനുസരിച്ചു.. എന്നിട്ടു എന്റെ രോഗം മാറാത്തതെന്താണു ഡോക്ടർ......



## പക്ഷികൾ ഫ്ളാറ്റ് നിർമ്മിക്കുന്നു
## അണ്ടർ ഗ്രൗണ്ടിൽ വില്ലകളും

ദേവസ്യ. എം.എം.

ഏറ്റവും ഉയരം കൂടിയ വൃക്ഷങ്ങളിൽ കൂടുകൂട്ടുന്ന പക്ഷികളും മണ്ണിൽ നാലടി വരെ കുഴിച്ച് ഭൂഗർഭ വീടുകൾ നിർമ്മിക്കുന്ന പക്ഷികളും ഹൗസ് ബോട്ട് മോഡൽ കൂടുകൾ കെട്ടുന്നു പക്ഷികളുമുണ്ട്. മണ്ണിൽ കുഴിയെടുത്തു വീടുവെക്കുന്ന പക്ഷിയാണ് ബെൽറ്റഡ് കിംഗ് ഫിഷർ (belted king fisher) ടൂറിസ്റ്റ് ബോട്ടുമോഡൽ വീടുണ്ടാക്കുന്ന പക്ഷി ഗ്രെൽസ് (greles); അന്യന്റെ വീട്ടിൽ അതിക്രമിച്ചു കയറി മുട്ടയിടുന്ന അലസ വർഗ്ഗ പക്ഷികളുമുണ്ട്. കൗബേർഡും കാക്ക കൂട്ടിൽ മുട്ടയിടുന്ന നമ്മുടെ കുയിലുമാണിതിന് ഉദാഹരണം.



കവിത

### ജ്ഞാനം

കൊന്നമൂട് വിജു

മുഖം
അതീവ സുന്ദരം
പഞ്ചേന്ദ്രിയങ്ങളുടെ
സമസ്തഭാവം
നിന്നെ അറിയാനെനിക്ക്
ഉടലുവേണ്ട
ആഴമളക്കുവാൻ
മനസ്സുവേണ്ട
കണ്ണുകണ്ണിലേക്കെറിഞ്ഞിരിക്കുന്ന
അതീവ ജാഗ്രതൻ ഞാൻ
ആവുമോ,
നിനക്കെന്നെ
ഒളിക്കുവാൻ?.

കവിത

### അത്ഭുതം

പ്രതീഷ് .എം.പി

താജിന്റെ മിനുസത്തിൽ
വിരലുരുമ്മിയിട്ടില്ല
ഫറവോയുടെ തിരുമുറ്റത്ത്
കാലുവെച്ചിട്ടില്ല
പിസയിലേക്കൊന്നു
ചാഞ്ഞിട്ടില്ല
വൻ മതിലിൽ നടന്നിട്ടില്ല
ആകെയറിഞ്ഞത്
ഒരിടത്തൊരാൾ
മുറ്റത്തെ മരച്ചോട്ടിൽ
കുടിച്ചു കഴിഞ്ഞചായക്കോപ്പകൾ
ഈച്ച വീണു മരിക്കാതിരിക്കാൻ
കമഴ്ത്തി വെച്ചതു മാത്രം.

കവിത

### കർമ്മബലി

അഡ്വ.കൃഷ്ണനുണ്ണി

തീർത്ഥാടനങ്ങൾ കഴിഞ്ഞ്
നാവാമുകുന്ദ സന്നിധിയിൽ
എത്തിയപ്പോഴേക്കും ഞാൻ ഒരു
പിടിചാരമായി മാറിയിരിക്കുന്നു.
കർമ്മ വൈകല്യങ്ങൾ കൊണ്ട് നിറഞ്ഞ
ജീവിതത്തെ
കണ്ണീർ തടങ്ങൾകൊണ്ട് തീർത്ത
ദർപ്പണങ്ങളാൽ
സ്വർഗത്തിൽ എത്തിക്കാൻ
പരിശ്രമിക്കുന്നു (ചിലർ)



നാട്ടുകാഴ്ച

### ഉമ്മറിന്റെ കാഴ്ചകൾ

ചന്ദ്രബാബു തൃക്കലങ്ങോട്

ഉന്മാദത്തിന്റെ നിലാവ് ഉള്ളിലൊളിപ്പിച്ചാണ് എപ്പോഴും ഉമ്മറിന്റെ നടപ്പ്. പള്ളിയിലും വായനശാലയിലും സജീവമായ സാന്നിധ്യമാണ്. എല്ലാ ദിവസം രാവിലെ വായനശാലയുടെ ഇരുണ്ട കോണിലിരുന്ന് പത്രങ്ങൾ സസൂക്ഷ്മം വായിക്കു. പുറത്തേക്കിറങ്ങി നാട്ടുകാരോടെല്ലാം പത്രവിശേഷങ്ങൾ പങ്കുവെയ്ക്കും. പത്രവാർത്തയോടൊപ്പം തന്റേതായ അഭിപ്രായങ്ങളെ കൂടി ചേർക്കാം. ഒരറക്കിക്കിറുക്കന്റെ തമാശയാണെന്നേ തോന്നു പക്ഷേ ഒരു വേള നമ്മൊളൊന്നു സഗൗരവം ശ്രദ്ധിച്ചാൽ ഗഹനമായ ചിന്തകളുടെ ശകലങ്ങൾ നമുക്ക് പെറുക്കിയെടുക്കാനാകും.

സ്വർണ്ണവില കുതിച്ചുയരുന്നു എന്ന വാർത്ത വന്ന ദിവസം. പത്രം ഉയർത്തിപിടിച്ച് ആത്മഗതമെന്നോണം ഉമ്മർ പറഞ്ഞു.

നോക്കണേ... ഒരു കിലോ സ്വർണ്ണത്തിന് ലക്ഷങ്ങളാണ് വില. എന്നാലോ ഒരു കിലോ ചക്കരകിഴങ്ങിന് വെറും എട്ടുരൂപ.

പിന്നീട് ചെറുപുഞ്ചിരിയോടെ

രണ്ടും തുക്കി അളക്കാൻ ഒരേ കട്ടിതന്നെ കോഴിക്കോട്ടെ കരിപ്പൂർ എയർ പോർട്ടിൽ കൂടുതൽ വിദേശ വിമാനങ്ങൾ സർവ്വീസ് ആരംഭിച്ച കാലം. വളരെ താഴ്ന്ന് ഹുങ്കാര ശബ്ദത്തോടെ തലക്ക് മുകളിലൂടെ പറന്ന ഒരു വിമാനത്തെ നോക്കി ഉമ്മറിന്റെ കമന്റ്.

സുജായീന്റെ പോക്കുകണ്ടില്ലേ.. ആകാശത്തുകൂടെ പറക്കുമ്പോൾ കോടികളാണ് വില. പക്ഷേ നിലത്തു വീണാലോ: തകരത്തിൻ ഉപയോഗമേ ഉള്ളു..



പ്രകൃതിപാഠം

4

## പരിസ്ഥിതി പ്രവർത്തനം പാഴ്‌വേലയാവാതിരിക്കാൻ........

പ്രകൃതിയിലെ എല്ലാം ഒന്നാണ്. വ്യത്യാസങ്ങൾ ഉപരിപ്ലവമാണ്. ഒന്ന് മറ്റൊന്നിൽ നിന്ന് വ്യത്യാസമായി കാണപ്പെടുന്നത് അവയുടെ ധർമ്മത്തിലെ വൈവിദ്ധ്യം കാരണമാണ്. അതുകൊണ്ട് കണ്ണാടിയിൽ നാം നമ്മുടെ മുഖം കാണുന്നതുപോലെതന്നെ അന്യനെയും കാണണം. മനുഷ്യനെ മാത്രമല്ല, സർവ്വചരാചരങ്ങളെയും ദർശിക്കേണ്ടത് അപ്രകാരമാണ്. ആദ്യം ഇതല്പം പ്രയാസമായിരിക്കാം.

എങ്കിലും ദിവസവും രണ്ടുനേരമെങ്കിലം പരിശീലിക്കുക. ലക്ഷ്യം പ്രാപിക്കുന്നതുവരെ തുടരുക. നിർത്തിക്കളയരുത് ഇത് സാധിച്ചുകിട്ടിയാൽ ഭയം ഓടിയൊളിക്കും. എല്ലാ ഹൃദയങ്ങളിലും പരംപൊരുൾ സ്നേഹരൂപേണ വസിക്കുന്നത് കാണാം.

പാശ്ചാത്യശാസ്ത്രം പ്രകൃതിയെ കാണുന്നത് അത് വിഭവങ്ങളുടെ കലവറയാകുന്നു എന്നവിധമാണ്. ഈ വിഭവങ്ങൾ എടുത്തുപയോഗിക്കാനുള്ള അവകാശം പരിണാമത്തിന്റെ മകുടമായ മനുഷ്യനുമാത്രമാണുള്ളതത്രേ. പാശ്ചാത്യ രീതിയിലെ വിദ്യാഭ്യാസം നമ്മുടെ പുത്തൻതലമുറകളിൽ ഈ അന്ധവിശ്വാസമാണ് അടിച്ചുകയറ്റുന്നത്. അതിന്റെ ഫലമാണ് നാമിന്ന് അനുഭവിക്കുന്നത്. ഈ അനുഭവങ്ങൾ ശതഗുണീഭവിക്കാനാണ് സാദ്ധ്യത.

ഭാരതീയ കാഴ്ചപ്പാടിലാകട്ടെ പ്രകൃതിയും അതിലുള്ളതെല്ലാം– മനുഷ്യൻ ഉൾപ്പെടെ– ഒരേ സത്തയുടെ വിവിധ രൂപങ്ങളാണ്. അവ തമ്മിലുള്ള ബന്ധങ്ങളാണ്. അവയുടെ ഒത്തുചേർന്ന പ്രവർത്തനമാണ് പ്രകൃതിയെ നിലനിർത്തുന്നത്. ലോകത്തിനുമുഴുവൻ ഈ പാഠം നല്കേണ്ടചുമതല നമ്മുടേതാണ്. ഈ സത്യം കണക്കിലെടുക്കാത്ത ഏത് പരിസ്ഥിതി പ്രവർത്തനവും പാഴ്‌വേലയായിത്തീരും.. ആത്മവഞ്ചനയും.

# ചെറുപ്പംകൊണ്ട് ഓർമ്മിക്കപ്പെടുന്ന കുഞ്ഞുണ്ണിമാഷ്



വർഗ്ഗീസാന്റണി

**വലുതിലെല്ലാം വലിയ ഹിംസയുണ്ട്. അങ്ങനെ കുഞ്ഞുണ്ണിമാഷ് താനറിയാതെ ഗാന്ധിയുടെയും ഷുമാക്കറുടെയും ടിപ്പണിയാവുകയായിരുന്നു.**

ഓർമയ്ക്ക് ഗ്ലാനി സംഭവിച്ച ഇക്കാലത്ത് ഓർമിക്കപ്പെടാനുള്ള ഒരു മാർഗം വളരെ വലുതായിരിക്കുക എന്നതാണ്. മറ്റൊരു മാർഗം തീരെ ചെറുതായിരിക്കുക എന്നതുമാണ്. വലുപ്പം കൊണ്ട് ഓർമിക്കപ്പെടാനാണ് എല്ലാവർക്കും ഇഷ്ടം. അവർക്കിടയിൽ ചെറുപ്പം കൊണ്ട് ഓർമിക്കപ്പെടുന്ന ആളാണ് കുഞ്ഞുണ്ണി മാഷും ആ കവിതകളും.

എനിക്കു പൊക്കം
കുറവാണെന്നെപ്പൊക്കരുതാരും.
എനിക്കൂക്കു കുറവാണെ
ന്നെത്താങ്ങരുതാരും
പൊക്കമില്ലായ്മയാണെൻ പൊക്കം

ഒരു
ചെറിയ മരം
അതിലൊരു വലിയ വനം
അതാണെന്റെ മനം

മൂർത്തമായ ശരീരത്തിൽ അമൂർത്തമായ മനസ്സ്. പരിമിതമായത് അപരിമിതമായതിനെ ഗർഭം ധരിക്കുക. മനസ്സും ശരീരവും വ്യഷ്ടിയും സമഷ്ടിയും വ്യക്തിയും പ്രപഞ്ചവും തമ്മിലുള്ള വിചിത്രവും വൈരുധ്യാത്മകവുമായ ബന്ധത്തെ സൂഷ്മരൂപത്തിൽ അവതരിപ്പിക്കുന്ന ഈ മൂന്നടി കവിതയെ അളക്കാൻ ശ്രമിച്ചാൽ അത് വിശ്വരൂപം പ്രാപിച്ച വാമനനെപ്പോലെയാവും. ചെപ്പിലടച്ച ഇതിഹാസമാണത്. ഉറുമ്പിൻപുറ്റിലൂടെ ഹിമാലയത്തെ അനുഭവിപ്പിക്കുന്ന രചനാതന്ത്രമാണിത്. ചെറുതിനെക്കുറിച്ചുള്ള ഓർമയിലെ ഉറിമ്പിന് യാഥാർഥ്യത്തിലെ ആനയേക്കാൾ എന്തൊരുവലുപ്പം ഉറുമ്പുപാടും പാട്ടിലുണ്ടൊരു കുറുമ്പനാന പറക്കുന്നു ഓർമ ജീവിതത്തിൽ ജയിക്കാനുള്ള മാർഗം മാത്രമല്ല, മരണത്തെ തോൽപ്പിക്കാനുള്ള മാർഗംകൂടിയാണ്. അതുകൊണ്ടാണ് മറവിയെ മനുഷ്യൻ ഇത്രമാത്രം ഭയപ്പെടുന്നത്. ഓർക്കുക എപ്പോഴും എന്ന് ഉള്ളിലാഗ്രഹിക്കുന്നത്. ലോകം സ്മാരകങ്ങളാൽ മാരകമായിക്കൊണ്ടിരിക്കുന്നത് വലുതിലെല്ലാം വലിയ ഹിംസയുണ്ട്. അങ്ങനെ അദ്ദേഹം താനറിയാതെ ഗാന്ധിയുടെയും ഷുമാക്കറുടെയും ടിപ്പണിയാവുകയായിരുന്നു. കവിതയെഴുതുമ്പോഴും ചെല്ലുമ്പോഴും അണ്ണാറക്കണ്ണനും തന്നാലായത് എന്നൊരു ഭാവമായിരുന്നു അദ്ദേഹത്തിന്. പക്ഷേ, ആധുനികതയുടെ ചിറകെട്ടലിൽ ഏറ്റവും ഉറച്ച മണ്ണ്, പ്രതിരോധ ശേഷിയുള്ള മണ്ണ് നിക്ഷേപിച്ചത് ഈ ഹൈക്കുരൂപിയായിരുന്നു.

രൂപത്തിലും ഭാവത്തിലും കുഞ്ഞുണ്ണിക്കവിതകൾ ആധുനികതയുടെ കാലത്തുതന്നെ ആധുനികോത്തരമായിരുന്നു. ആധുനികാനന്തര അണുക വിതകൾ രൂപപരമായിട്ടെങ്കിലും കുഞ്ഞുണ്ണിക്കവിതകളെ പിന്തുടരുന്നു. അതേസമയം, കുഞ്ഞുണ്ണിമാഷുടെ അണുകവിതകൾ വായനക്കാർക്കിടയിൽ നേടിയെടുത്ത സ്വീകാര്യത ആധുനികാനന്തര അണുകവിതകൾക്ക് നേടാനായില്ല. സവിശേഷമായ താളം കൊണ്ടും, ഉന്മേഷകരമായ നർമംകൊണ്ടും ദാർശനികമായ വ്യാപ്തി കൊണ്ടും സുതാര്യത കൊണ്ടും സർവോപരി പഴഞ്ചൊല്ലുകളുടെയും കടങ്കഥകളുടെയും തുടർച്ചയുടെ പ്രതീതി വരുത്തിക്കൊണ്ടുമാണ് കുഞ്ഞുണ്ണിക്കവിത അനുവാചക മനസ്സിൽ സ്ഥാനപ്പെട്ടത്. ആധുനികാനന്തര കവിതകൾ പൊതുവേ കൈയൊഴിഞ്ഞ മുദ്രകളാണിതിൽ പലതും.

ഒരു മലയെ അകലെ നിന്നോ അടുത്തുനിന്നോ കാണാം. താഴെ നിന്നോ മുകളിൽ നിന്നോ കാണാം. നാലോ എട്ടോ പതിനാറോ ദിശകളിൽനിന്നും കാണാം. അങ്ങനെ ഒരു മലയിൽ അനേകം മലകളെ കാണാം. അതിനുവേണ്ടിയാണ് ഒരേ മലയിൽ പിന്നെയും പിന്നെയും ആളുകൾ കയറുന്നത്. എത്ര കയറിയിറങ്ങിയാലും ഒരു മലയും ഒരിക്കലും മുഴുവനായും കണ്ടുതീരുന്നില്ല. എത്ര തവണ ജീവിച്ചാലാണ് ജീവിതത്തിൽ മുഴുവനായി ജീവിക്കാൻ കഴിയുക. ജീവിതത്തെ മുഴുവനായി അറിയുവാൻ കഴിയുക. ഈ അമ്പരപ്പിൽ നിന്നാണ്. എങ്ങനെയൊക്കെ വായിച്ചാലാണ് കുഞ്ഞുണ്ണിക്കവിതകൾ പൂർണമായി വായിക്കപ്പെടുക. എങ്ങനെയൊക്കെ നോക്കിയാലാണ് ഈ കവി മുഴുവനായി കാണപ്പെടുക. എത്രയോ ദിക്കുകളുണ്ട് ഈ കവിക്ക് , ഒരോ നല്ല കവിക്കും.

*(ദേശാഭിമാനി വാരാന്തപതിപ്പ്)*

ഒരു
ചെറിയ മരം
അതിലൊരു വലിയ വനം
അതാണെന്റെ മനം

ഇത്തിരിയേയുള്ളൂ ഞാൻ
എനിക്കു പറയാ
നിത്തിരിയേ വിഷയവുമുള്ളൂ
അതുപറയാ
നിത്തിരിയേ വാക്കും വേണ്ടു

വലുതാകണോ ചെറുതാവുക

പ്രവൃത്തിയോളം ഫലപ്രദമായ
പ്രാർത്ഥനയില്ല

മണ്ണാവാത്തതൊന്നും
മനുഷ്യൻ ഉപയോഗിക്കരുത്
കാരണം മനുഷ്യൻ മണ്ണാകുന്നു.
മണ്ണേ മണ്ണിൽ ചേരൂ......

മാർച്ച് 26 കുഞ്ഞുണ്ണി മാഷ് ചരമദിനം.

ജീവിതത്തിന്റെ
ലളിതപാഠങ്ങൾ

അക്കു

# ആമകൾക്കാണ് മുയലുകളേക്കാളും പാതകളെക്കുറിച്ച് പറയാൻ കഴിയുക......

**മെല്ലെപ്പോക്കു നയത്തിന്റെ ലാളിത്യവും സുഖവും ശാന്തിയും അറിഞ്ഞവർ സാവകാശം സഞ്ചരിച്ചുകൊണ്ടിരിക്കുന്നുണ്ട്. അമിതമായ ആത്മവിശ്വാസത്തോടെ അതിവേഗതയിൽ മുമ്പിൽപോയ മുയലിനെയും മറികടന്ന് ഇഴഞ്ഞു വരുന്ന ആമകൾ പാതകളറിഞ്ഞ് ഫിനിഷിംഗ് പോയന്റ് കടക്കും. ഫാസ്റ്റ്ഫുഡിന് പകരം സ്ലോഫുഡ് പ്രസ്ഥാനം ഉയർന്നു വന്നതു പോലെ ഫാസ്റ്റ് ട്രാക്കിനുപകരം സ്ലോ ട്രാക്ക് പ്രസ്ഥാനം ഉയർന്നു വരിക തന്നെ ചെയ്യും.**

ആമകൾക്കാണ് മുയലുകളേക്കാളും പാതകളെക്കുറിച്ച്
പറയാൻ കഴിയുക - ഖലീൽ ജിബ്രാൻ

ഖലീൽ ജിബ്രാന്റെ ഈ വരികളോട് വല്ലാത്തൊരടുപ്പം തോന്നിയിരുന്നു. എന്റെ പഴയ ചേതക് സ്കൂട്ടറിന്റെ പിറകിൽ പിടിപ്പിച്ച സ്റ്റെപ്പിനി ടയർ പൊതിയാൻ കിട്ടിയ കവറിനുമുകളിലെ പരസ്യം വെളുത്ത പെയ്ന്റ് തേച്ച് മായ്ക്കുമ്പോൾ ഈ വരികൾ അതിൽ കുറിച്ചു വച്ചാലോ എന്നു തോന്നി. ഈ വരികളുടെ ഇംഗ്ലീഷ് പദങ്ങൾക്കു വേണ്ടി ജിബ്രാൻ കവിതകളുടെ കൂട്ടത്തിൽ നിന്ന് 'Foam and sand' തിരഞ്ഞു വരികൾ കിട്ടി. "Turtles can tell more about the roads than hares."

പ്രിയ സുഹൃത്ത് മുൺസ് മോടിയോടെ സ്കൂട്ടറിന്റെ പിറകിൽ ഈ വരികൾ എഴുതി. കൂടെ മുയലിന്റെ മുമ്പിലായി നടക്കുന്ന ആമയുടെ ചിത്രവും വരച്ചു. അങ്ങനെ ആമയുടെ പുറത്ത് പാതകളറിഞ്ഞു കൊണ്ടുള്ള ഇഴച്ചിലായിരുന്നു എന്റെ സഞ്ചാരം.

അതിവേഗ സംസ്കാരത്തിന്റെ കാലത്ത് പഴയമോഡൽ സ്കൂട്ടറിന്റെ പുറത്തു കയറിയുള്ള സഞ്ചാരത്തിനിടയിൽ ഒട്ടേറെ പഴികൾ നേരിടേണ്ടി വന്നിട്ടുണ്ട്. നല്ല ബൈക്ക് വാങ്ങിക്കൂടേ, ലോൺ കിട്ടുമല്ലോ, സ്കൂട്ടറിന് മൈലേജും വേഗതയും കുറവല്ലേ, പാട്ടവിലക്ക് വിറ്റു കൂടേ... എന്നൊക്കെ.

എന്നെ തന്നെ സ്വയം പാകപ്പെടുത്തികൊണ്ടുപോകാൻ ഈ വണ്ടി സഹായിച്ചിരുന്നു. കാലുകൾ മുമ്പോട്ട് ഒതുക്കി വെച്ചുള്ള ഇരുത്തവും മക്കളെ മുമ്പിൽ നിർത്തികൊണ്ടുള്ള കുടുംബ യാത്രകളും എല്ലാ ഒരു പാട് പാഠങ്ങൾ പഠിപ്പിച്ചു.

ഒന്നാമത്തെ പാഠം, പാതയെ അനുഭവിച്ച് ഈ നിമിഷത്തിൽ അലിഞ്ഞ് സാവകാശത്തോടെ ബദ്ധപ്പാടുകളില്ലാത്ത യാത്ര. ജീവിതത്തെ സരളമാക്കുന്നു വെന്നായിരുന്നു. അതിവേഗതയിൽ ചെന്നെത്തി വേഗം ചെയ്തുതീർക്കാൻ എനിക്കൊന്നുമില്ല എന്ന ബോധം വല്ലാത്ത ലാഘവത്വം തന്നു.

യാത്രയിൽ ലക്ഷ്യം പോലെ പ്രക്രിയയും പ്രധാനമാണ്. കണ്ണടച്ചു തുറക്കുന്ന വേഗതയിൽ വണ്ടിയോടിച്ച് ഒരിടത്തേക്കെത്തുമ്പോൾ വഴിയിലെ കാഴ്ചകൾ കാണാതെ പോകുന്ന ഒരാൾ യാത്ര ആസ്വദിക്കുന്നില്ല. നിത്യവും പോക്കുവരവു നടത്തുന്ന വഴിയിലെ പതിവു കാഴ്ചകളേയും ഇത്തിരി സൗമ്യസമീപനങ്ങൾ കൊണ്ട് ആസ്വാദകരമാക്കി മാറ്റാം.

കൂടുതൽ വേഗതയിൽ സഞ്ചരിക്കാനുള്ള വാഹനങ്ങളും അതിവേഗ പാതകളും ഇല്ലാതെ ഒരിഞ്ച് പോലും മുമ്പോട്ട് നീങ്ങാൻപറ്റാത്ത സാഹചര്യത്തിലാണ് നാം ജീവിക്കുന്നതെന്ന് ആരൊക്കെയോ നമ്മെ തെറ്റിദ്ധരിപ്പിച്ച് കൊണ്ടിരിക്കുന്നുണ്ട്. അതിവേഗതയിൽ ഓടിയാലേ ടാർജറ്റ് പൂർത്തീകരിക്കാനാവൂ എന്നും ടാർജറ്റ് പൂർത്തിയാക്കിയാലേ ജീവിത വിജയം നേടാൻ ആവു എന്നും നമ്മെ പഠിപ്പിക്കുന്നുണ്ട് ഇങ്ങനെയൊക്കെ ജീവിതവിജയം നേടി മുമ്പേ ഓടി എത്തിയവരും നിന്നു കിതച്ച് ജീവിതത്തിലെ സ്വാസ്ഥ്യം തിരയുന്നതും നമ്മൾ കാണുന്നു.

അതിവേഗതയിൽ ഓടിയെത്തി പ്രത്യേകിച്ച് ഒന്നും ചെയ്യാനില്ലാത്തവരെയും എന്തിനാണ് ഈ ലോകം വേഗത്തിൽ ഓടിക്കുന്നത്?. ഒരാളുടെ പ്പോലും ഹൃദയത്തെ തൊടാനാവാതെ ഊഷ്മള ബന്ധങ്ങൾ കൈമോശം വന്ന് ജൈവതാളം ആസ്വദിക്കാനാവാതെ നാം ഓടിക്കൊണ്ടേയിരിക്കുന്നുതെന്തിനുവേണ്ടി?

മെല്ലെപ്പോക്കു നയത്തിന്റെ ലാളിത്യവും സുഖവും ശാന്തിയും അറിഞ്ഞവർ സാവകാശം സഞ്ചരിച്ചുകൊണ്ടിരിക്കുന്നുണ്ട്. അമിതമായ ആത്മവിശ്വാസത്തോടെ അതിവേഗതയിൽ മുമ്പിൽപോയ മുയലിനെയും മറികടന്ന് ഇഴഞ്ഞുവരുന്ന ആമകൾ പാതകളറിഞ്ഞ് ഫിനിഷിംഗ് പോയന്റ് കടക്കും. ഫാസ്റ്റ്ഫുഡിന് പകരം സ്ലോഫുഡ് പ്രസ്ഥാനം ഉയർന്നുവന്നതു പോലെ ഫാസ്റ്റ് ട്രാക്കിനുപകരം സ്ലോ ട്രാക്ക് പ്രസ്ഥാനം ഉയർന്നുവരിക തന്നെ ചെയ്യും.

Internet For You

## സുഹൃദ് ബന്ധം പുതുക്കാൻ ഗൂഗിൾ വിദ്യ.....

അരുൺ പൂർപ്പറ്റ

നമ്മുടെ സുഹൃത്തുക്കളെയും പരിചയക്കാരെയും കണ്ടെത്താൻ മുറിഞ്ഞു പോയ സൗഹൃദം വിളക്കിചേർക്കാൻ ഇതാ ഗൂഗിൾ അവസരമൊരുക്കുന്നു. കമ്പ്യൂട്ടറോ മൊബൈൽഫോണോ ഉണ്ടെങ്കിൽ സുഹൃത്ത് എവിടെയുണ്ടെന്ന് കണ്ടെത്താം. ലാറ്റിറ്റ്യൂഡ് എന്ന പേരിലുള്ള സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് ഇത് സാധ്യമാകുന്നത്. ഗൂഗിൾ മാപ്പിലാണ് ഈ സൗകര്യം ലഭിക്കുക. വെബ്സൈറ്റ് www.google.com/latitude/intro.html

നമുക്ക് ഇഷ്ടമുള്ള വിവരങ്ങൾ മാത്രമേ മറ്റുള്ളവർക്ക് ലഭിക്കു എന്നൊരു പ്രത്യേകതകൂടി ഇതിനുണ്ട്. നാം നിൽക്കുന്ന സ്ഥലം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതു മാത്രം നൽകാനാകും. എന്തു ചെയ്യുന്നു? ആരോക്കെകൂടെയുണ്ട് തുടങ്ങിയ കാര്യങ്ങൾ നൽകാതിരിക്കാം. ഇന്റർനെറ്റിലൂടെയോ ഫോണിലൂടെയൊ വിവരങ്ങൾ അറിയാം. ഉപയോഗിക്കുന്ന ഉപഭോക്താവിന്റെ സൗകര്യപ്രകാരം സർവീസ് പരിമിതപ്പെടുത്താവുന്നതാണ്. നിൽക്കുന്ന സ്ഥലത്തെപ്പറ്റിയുള്ള വിവരം ലാറ്റിറ്റ്യൂഡ് ബ്രോഡ് കാസ്റ്റ്ചെയ്യും. ഇത് ഗൂഗിൾ മാപ്പിന്റെ ഡേറ്റാ ബേസിൽ ചേർക്കുകയും മൊബൈലോ കമ്പ്യൂട്ടറോ ഉപയോഗിച്ച് ആരെങ്കിലും നമ്മുടെ ഫോൺ നമ്പർ തെരയുകയാണെങ്കിൽ വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്യും. സെൽഫോൺ ടവർ, ഗ്ലോബൽ പൊസിഷനിങ്ങ് സിസ്റ്റം എന്നിവ വഴിയാണ് സിഗ്നൽ സ്വീകരിക്കുന്നത്. 27 രാഷ്ട്രങ്ങളിൽ ആണ് സംവിധാനം നടപ്പാക്കുന്നത്. നൂറിലേറെ മൊബൈൽ ഫോൺ സർവീസുകളിൽ ഇതു ലഭ്യമാകും. റിസർച്ച് ഇൻ മോഷൻ ലിമിറ്റഡിന്റെ ബ്ലാക്ക്ബെറി, സിംബിയാൻ സോഫ്റ്റ്വെയറിന്റെ മൊബൈലുകൾ, മൈക്രോസോഫ്റ്റിന്റെ വിൻഡോസ് മൊബൈൽ തുടങ്ങിയവയിൽ സംവിധാനം ലഭ്യമാകും. ടിമൊബൈൽ ഫോണുകളിലും ഐ ഫോൺ, ഐ.ടച്ച് എന്നിവയിലും ലഭിക്കും. വൈ–ഫൈ വഴി ഇന്റർനെറ്റ് കണക്ഷനുള്ള മൊബൈൽ ഫോൺ ഇല്ലാത്തവർക്കും സംവിധാനം ലഭ്യമാകും.



# ഡി.ഡി.റ്റിയും ജനിതക ഭക്ഷണവും ചില മുന്നറിയിപ്പുകളും

ചില കണ്ടുപിടിത്തങ്ങൾ എങ്ങനെ മനുഷ്യന് വിനയായി എന്നതിന് രണ്ട് ഉദാഹരണ ങ്ങളാണ് ഡി.ഡി.ടിയും സി.എഫ്.സിയും . ജനിതകമാറ്റം വരുത്തിയ ഭക്ഷണങ്ങൾ ഉണ്ടാക്കുന്ന വൻ വിപത്തുകൾ ആശങ്കയോടെ മാത്രം വിലയിരുത്തപ്പെടേണ്ടതാണ്

പി.എ.പൗരൻ

ചില കണ്ടുപിടിത്തങ്ങൾ എങ്ങനെ മനുഷ്യന് വിനയായി എന്നറിയുവാൻ രണ്ട് ഉദാഹരണങ്ങൾ, ഒന്ന് ഡി.ഡി.റ്റി രണ്ട് സി. എഫ്.സി. 1930 കളിലാണ് ഡി.ഡി.റ്റിക്ക് കീടങ്ങളെ കൊല്ലാൻ കഴിയുമെന്ന് പോൾ മുള്ളർ കണ്ടെത്തിയത്. ഡി.ഡി.റ്റി. യുടെ സാമ്പത്തിക സാദ്ധ്യത മനസ്സിലാക്കിയ ചിലർ അതിനെ ലാഭമുണ്ടാക്കാനുള്ള ഒന്നായി കണ്ടു. എന്നാൽ 1950 കളായപ്പോഴേക്കും ഡി.ഡി.റ്റി.യുടെ പ്രത്യാഘാതങ്ങൾ അറിയാൻ തുടങ്ങി. ജൈവ സാന്ദ്രീകരണത്തിന് (Bio magnification) ഡി.ഡി.റ്റി കാരണമാകുന്നുവെന്ന് ശാസ്ത്രജ്ഞർ തിരിച്ചറിഞ്ഞു. ഡി.ഡി.റ്റി.ക്ക് സ്ത്രീ ഹോർമോണുകളെ അനുകരിക്കാൻ കഴിയുമെന്നറിയാൻ പിന്നെയും വർഷങ്ങളെടുത്തു. ഡി.ഡി.റ്റി. ഉപദ്രവകാരികളായ കീടങ്ങളോടൊപ്പം പ്രയോജനകരമായ അനവധി ജീവജാലങ്ങളെ കൊന്നൊടുക്കി. അനവധി ജീവജാലങ്ങൾ അന്യം നിന്നുപോയി. ഇതുകൊണ്ടാണ് ഇന്ത്യ ഉൾപ്പെടെയുള്ള ലോകരാജ്യങ്ങൾ ഡി.ഡി.റ്റി. നിരോധിച്ചത്.

നിർഭാഗ്യകരമെന്ന് പറയട്ടെ, ഇന്നും കേന്ദ്ര സർക്കാരിന്റെ മാത്രം സ്ഥാപനമായ ആലുവയിലെ ഹിന്ദുസ്ഥാൻ ഇൻസെക്റ്റിസൈഡ് ലിമിറ്റഡിൽ ഡി.ഡി.റ്റി.ക്ക് പുറമെ എൻഡോസൾഫാനും വ്യാപകമായി നിർമ്മിക്കുന്നു. ചായത്തോട്ടങ്ങളിൽ മാത്രമല്ല, കാസർഗോഡ് ജില്ലയിലെ കശുമാവിൻ തോട്ടങ്ങളിലും, പാലക്കാടുള്ള മാവിൻ തോട്ടങ്ങളിലും വ്യാപകമായി എൻഡോസൾഫാൻ കീടങ്ങളെ നിയന്ത്രിക്കുവാൻ എന്ന വ്യാജേന ഇന്നും പ്രയോഗിക്കുന്നു.

സി.എഫ്.സി. അഥവാ ക്ലോറോഫ്ളൂറോ കാർബണുകളുടെ കഥയും മറിച്ചല്ല. രാസപരമായി നിർവീര്യമായ, വിഘടനത്തിന് വിധേയമാകാത്ത ക്ലോറോഫ്ളൂറോ കാർബണുകൾ വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങി വർഷങ്ങൾ കഴിഞ്ഞപ്പോഴാണ് ശാസ്ത്രജ്ഞർ അതിന്റെ അപകടം തിരിച്ചറിഞ്ഞത്. വിഘടിക്കാത്ത ക്ലോറോഫ്ളൂറോ കാർബണുകൾ അന്തരീക്ഷത്തിൽ കുമിഞ്ഞു കൂടിയപ്പോൾ പ്രശ്നമായി. അപ്പോഴാണ് ഓസോൺ പാളികൾ എന്നൊരു വസ്തുവുണ്ടെന്ന് ശാസ്ത്രലോകം കണ്ടെത്തിയത്. ഓസോൺ പാളിക്കേറ്റ ക്ഷതം എങ്ങനെ ജൈവലോകത്തെ ബാധിക്കുമെന്ന് ഇന്ന് ഏവരും മനസ്സിലാക്കിയിരിക്കുന്നു.

പരാജയപ്പെട്ട, തിരുത്താൻ ബുദ്ധിമുട്ടുള്ള അപകടങ്ങൾ വരുത്തിവെച്ച മേൽ പറഞ്ഞ പരീക്ഷണങ്ങളുടെ അടുത്ത ഘട്ടമാണ് ജനിതക എഞ്ചിനീയറിംഗ്. ജനിതക മാറ്റം വരുത്തിയ ജീവികൾ കൃത്രിമജീവികളാണ്. അവയെ പരീക്ഷണശാലയിൽ മാത്രമേ ഉണ്ടാക്കാൻ കഴിയൂ. കഴിഞ്ഞ 3.8 കോടി വർഷങ്ങളുടെ പരിണാമ ചരിത്രത്തിൽ ഇങ്ങനെയൊന്നുണ്ടായിട്ടില്ല. ജീവജനുസ്സുകളിൽ ജനിതക എഞ്ചിനീയറിംഗ് ഉണ്ടാക്കുന്ന മാറ്റങ്ങളെക്കുറിച്ച് ഇപ്പോഴും വ്യക്തതയില്ലെന്ന് പല ശാസ്ത്രജ്ഞരും സമ്മതിക്കുന്നു. അതിനാൽ 'അപ്രതീക്ഷിതഫലങ്ങളും' വന്നു ഭവിക്കുന്നു. എവിടെയെല്ലാം ജനിതക എഞ്ചിനീയറിംഗ് പ്രയോഗിച്ചിട്ടുണ്ടോ അവിടെയെല്ലാം 'അപ്രതീക്ഷിത ഫലങ്ങൾ' കണ്ടെത്തിയിട്ടുണ്ട്. വളരെ നാളത്തെ ഗവേഷണങ്ങളുടെ ഫലമായി മാത്രമേ ഇത്തരം പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കാനാകൂ. ഏറ്റവും പ്രധാനപ്പെട്ട ഒരു 'അപ്രതീക്ഷിത ഫലം' 'Horizontal Gene Transfer(HGT) ആണ്. അതായത് പരസ്പരം പ്രത്യുൽപ്പാദനം നടത്താത്ത ജീവി വർഗ്ഗങ്ങൾക്കിടയിൽ വരെ ജീനുകൾ കൈമാറ്റപ്പെടും. ഉദാഹരണത്തിന് മനുഷ്യന്റെ ജീനുകൾ നെല്ലിലേക്കും, പന്നി, മത്സ്യങ്ങൾ, ബാക്ടീരിയ എന്നിവയിൽ നിന്നുള്ള ജീനുകൾ ചെടികളിലേക്കും മാറ്റപ്പെടുന്നു. ഇങ്ങനെ സസ്യങ്ങളിലെത്തി അതിലൂടെ നമ്മുടെ ആഹാരത്തിലെത്തുന്ന ഈ കൃത്രിമ ജീനുകൾ കാൻസർ, ട്യൂമർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾക്ക് കാരണമാകുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു. എന്നാൽ ഇത്തരം മുന്നറിയിപ്പുകളെ വസ്തുതാപരമായി, സമഗ്രമായി പഠിക്കുവാൻ കമ്പനികളോ അവരുടെ ആൾക്കാരോ തയ്യാറാകുന്നില്ല. ജീനുകളുടെ ഇത്തരത്തിലുള്ള മാറ്റം ജീവന്റെ ഒഴുക്കിനെ എങ്ങനെ ബാധിക്കുമെന്നറിയാൻ എല്ലാവരും ശാസ്ത്രജ്ഞരാകേണ്ട. ജനിതക എഞ്ചിനീയറിംഗിലൂടെ ആന്റിബയോട്ടിക്കിനെ പോലും പ്രതിരോധിക്കുന്ന പുതിയ ബാക്ടീരിയകൾ ഉണ്ടാകുന്നു. രോഗമുണ്ടായാൽ ചികിത്സ ഫലിക്കാത്ത ഒരു അവസ്ഥയെയാണ് ഇത് സൂചിപ്പിക്കുന്നത്. ഇതുകൊണ്ടു തന്നെ ഈ സാങ്കേതിക വിദ്യ എത്രത്തോളം അപകടമാണെന്നും ഇന്നുള്ള സുരക്ഷാ ക്രമീകരണങ്ങൾ എല്ലാം അപര്യാപ്തമാണെന്നും പറയാൻ കഴിയും.

കഥ: പറയാനും കേൾക്കാനും

പ്രവാചകനിൽ നിന്നും ഒരു ജല പാഠം

# നിറഞ്ഞൊഴുകുന്ന പുഴയിൽ നിന്നായാലും ധൂർത്ത് അരുത്

കത്തിയാളുന്ന വേനൽക്കാലം പുറത്തിറങ്ങി നടക്കാൻ വയ്യാത്തത്ര ചൂടുള്ള സമയത്ത് ആരെയും കൊതിപ്പിക്കുന്ന സൗന്ദര്യവുമായി ശാന്ത ഗംഭീരമായി ഒഴുകുന്ന പുഴയിൽ അംഗസ്നാനം ചെയ്യാനായി ഇറങ്ങിയതായിരുന്നു പ്രവാചകൻ മുഹമ്മദ് നബിയുടെ ശിഷ്യൻ സഅദ്. മതാചാരപ്രകാരം മുഖവും കൈകാലുകളുമൊക്കെ മൂന്നുതവണ വീതം കഴുകിയ സഅദ് വെള്ളത്തിന്റെ ശീതളിമ ആസ്വദിച്ച് വീണ്ടും വീണ്ടും മുഖം കഴുകികൊണ്ടേയിരുന്നു.

ആ സമയത്താണ് പ്രവാചകൻ ആ വഴി വന്നത്. വെള്ളത്തിന്റെ തണുപ്പിൽ സ്വയം മറന്ന് അമിതമായി വെള്ളം ഉപയോഗിക്കുന്ന സഅദിനെ ദൂരെ നിന്ന് പ്രവാചകൻ കണ്ടതും നടത്തത്തിന് വേഗം കൂട്ടി. നദികരയിലെത്തിയ പ്രവാചകൻ ദേഷ്യം കലർന്ന സ്വരത്തിൽ സഅദിനോട് ചോദിച്ചു.

എന്താണ് സഅദ് നീ ചെയ്യുന്നത്? ഇങ്ങനെ ധൂർത്ത് കാണിക്കാൻ നിന്നെ പഠിപ്പിച്ചതാരാണ്?

പ്രവാചകന്റെ പുഞ്ചിരിക്കുന്ന മുഖം മാത്രം കണ്ടു ശീലിച്ചിരുന്ന സഅദ് ഈ അപരിചിത ഭാവമാറ്റം കണ്ട് അമ്പരന്നു. പതുങ്ങിയ സ്വരത്തിൽ പ്രവാചകനോട് പറഞ്ഞു.

പ്രവാചകരെ ഞാൻ അംഗസ്നാനം ചെയ്തതാണ്. നിറഞ്ഞൊഴുകുന്ന ഈ പുഴയിൽ നിന്ന് അംഗസ്നാനം ചെയ്യുമ്പോൾ അൽപ്പം കൂടുതൽ തവണ ഞാൻ മുഖം കഴുകിയാൽ അത് എങ്ങനെയാണ് പ്രവാചകരേ ധൂർത്താവുക?

സഅദിന്റെ സംശയം കേട്ട പ്രവാചകൻ അദ്ദേഹത്തിനരികലേക്ക് ചേർന്നു നിന്ന് സൗമ്യമായി പ്രതിവചിച്ചു.

സഅദേ....കവിഞ്ഞൊഴുകുന്ന പുഴയിൽ നിന്നായാലും ശരി, ആവശ്യത്തിൽ കൂടുതൽ ഒരു തുള്ളി പോലും ജലം ഉപയോഗിക്കുന്നത് ധൂർത്ത് തന്നെയാണ്. എന്തുകാര്യത്തിലും ഒരു മിതമായ മാർഗ്ഗമുണ്ട്. അതു തെറ്റിച്ചാൽ ദുർവ്യയമായി മാറും.

പ്രവാചകനിൽ നിന്ന് വിലപ്പെട്ട ജലപാഠം ഗ്രഹിച്ച സഅദ് പിന്നീടൊരിക്കലും ഒരു തുള്ളി ജലം പോലും അനാവശ്യമായി ഉപയോഗിച്ചിട്ടില്ല.

*കടപ്പാട്: മാധ്യമം ''വെളിച്ചം'*

ലോകം ആഗോളതാപത്തിന്റെയും ജലദൗർലഭ്യതയുടെയും മൂർധന്യതയിൽ എത്തിയ ഈ കാലത്ത് ഓരോ തുള്ളി വെള്ളവും അതിന്റെ വിലയറിഞ്ഞ് ചെലവഴിക്കുക...



# ഹരിതദർശനത്തിന്റെ ആഴക്കാഴ്ചകളുമായി ലിറ്റിൽമാസിക ശില്പശാല

ലിറ്റിൽ മാസിക ചുങ്കത്തറയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ഒരു ചെറിയ പ്രസിദ്ധീകരണം മാത്രമല്ല. ലോകമെങ്ങും മഹത്തായ സാമൂഹ്യദൗത്യവുമായി ഇടപെടൽ നടത്തുന്ന സമാന്തര പത്ര പ്രവർത്തനത്തിന്റെ ഭാഗമായി നടക്കുന്ന സാമൂഹ്യ പ്രവർത്തനം കൂടിയാണ് ആ നിലയിൽ പത്രപ്രവർത്തന രംഗത്ത് ചില ഇടപെടൽ നടത്തു ന്നതിന്റെ ഭാഗമായാണ് നിലമ്പൂർ ചന്ദ്രകാന്തം പരിസ്ഥിതി വിദ്യാഭ്യാസ കേന്ദ്രത്തിൽവച്ച് 2009 ഫെബ്രുവരി 28, മാർച്ച് 1 തിയ്യതികളിൽ രണ്ടു ദിവസത്തെ ഗ്രീൻ മീഡിയ ശില്പശാല നടത്തിയത്.

ഗ്രീൻ മീഡിയയുമായി ബന്ധപ്പെട്ട് 2006ൽ ലിറ്റിൽ മാസിക നടത്തിയ ശില്പശാലയുടെ തുടർച്ചയായിരുന്നു ഈ ശില്പശാല.

ഗ്രീൻ മീഡിയ ദർശനം, മാസ് മീഡിയ, ഗ്രീൻ മീഡിയ പ്രവർത്തനം എങ്ങനെ, ലിറ്റിൽ മാഗസിൻ പ്രസ്ഥാനം, ഹരിത ദർശനം, മീഡിയ-കാണാക്കെണികൾ, സിറ്റിസൺ ജേർണലിസം തുടങ്ങിയ വിഷയങ്ങളിൽ സെഷനുകളുണ്ടായിരുന്നു.

പരിസ്ഥിതി വിഷയങ്ങൾക്കപ്പുറം ജീവിതത്തിലെ സർവ്വ മേഖലയെയും സ്പർശിക്കുന്ന ഹോളിസ്റ്റിക്ക് ആയ ദർശനമാണ് ഗ്രീൻ മീഡിയ എന്ന് ചർച്ചയിൽ ഉരുത്തിരിഞ്ഞു. ലോകം നേരിടുന്ന പ്രശ്നങ്ങൾക്ക് ഒരു ബദൽ എന്ന നിലയിൽ ഗ്രീൻ ചിന്തകൾക്ക് പ്രയോഗിക രൂപം നൽകാൻ സഹായിക്കുന്ന ദൗത്യം മീഡിയകൾക്കുണ്ട് എന്ന തിരിച്ചറിവുണ്ടാക്കാനും ഇത്തരം മാധ്യമ പ്രവർത്തനം ഒരോ പൗരൻമാർക്കും സാധ്യമാണ് എന്ന് ബോധ്യപ്പെടുത്താനും ചർച്ചകൾ സഹായിച്ചു ചെറുതിന്റെ ശക്തി തിരിച്ചറിയപ്പെടുന്ന കാലത്തിന്റെ ആവശ്യകത ബോധ്യപ്പെടു ത്തുന്ന ഗ്രീൻ മീഡിയ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാനുള്ള കർമ്മപദ്ധ തികൾക്ക് രൂപം നൽകിയാണ് ശില്പശാല അവസാനിച്ചത്. ബിജുജോൺ, അബ്ദുള്ളക്കുട്ടി, ജയപ്രകാശ്, സതീഷ് ചളിപ്പാടം എന്നിവർ നേതൃത്വം നൽകി.

## ദയവായി സഹായിക്കാമോ?

സുഹൃത്തേ,

താങ്കൾക്ക് ലിറ്റിൽമാസിക കിട്ടുന്നുണ്ടാകുമല്ലോ? ലിറ്റിൽമാസികക്ക് ഇപ്പോൾ കുറേ നല്ലസുഹൃത്തുക്കളുണ്ട്. നല്ല പ്രതികരണകുറിപ്പുകളും യോജിച്ച രചനകളും അയച്ചുതന്ന് അവർ സഹായിക്കാറുണ്ട്. ജീവിതത്തിന്റെ എല്ലാതലങ്ങളിലും ചെറുതിന്റെ ദർശനം അന്വേഷിക്കുന്ന മാസികക്ക് ആശയപരമായ തുറന്ന സംവാദം സന്തോഷകരമാണ്. ദയവായി നിങ്ങളുടെ വിലപ്പെട്ട നിരീക്ഷണങ്ങളും പ്രതികരണങ്ങളും അയച്ചു തരിക.

പറ്റുമെങ്കിൽ 16 ലക്കങ്ങൾക്ക് 100 രൂപ അയച്ചുതന്നും സുഹൃത്തുക്കൾക്ക് മാസിക പരിചയപ്പെടുത്തിയും സഹായിക്കാവുന്നതാണ്.

16 ലക്കം 100 രൂപ

ലിറ്റിൽ മാസിക

ചുങ്കത്തറ–പി.ഒ–679934

# നിർത്തിപ്പോയ റ്റോമോ സ്കൂൾ അഥവാ ബദൽ ചിന്തകളുടെ പ്രസക്തി

### റ്റോമോ സംഗമം മെയ് 9ന്

വിദ്യാഭ്യാസമേഖലയിൽ ഒട്ടേറെ ബദൽ പരീക്ഷണങ്ങൾ നടന്നിട്ടുണ്ട്. നടന്നുകൊണ്ടിരിക്കുന്നുണ്ട്. അപൂർണ്ണമായി നിർത്തിവക്കുകയൊ പരാജയപ്പെടുകയോ ചെയ്താലും ചെറുതും വലുതുമായ ഒരോ പരീക്ഷണങ്ങൾക്കും ഏറെ പ്രധാന്യമുണ്ട് മലപ്പുറം ജില്ലയിലെ എടവണ്ണയിൽ ഒരു സംഘം ചെറുപ്പക്കാരുടെ മനസ്സിൽ ഉരുത്തിരിഞ്ഞ ആശയത്തിന്റെ പ്രയോഗിക രൂപമായിരിന്നു റ്റോമോ സ്കൂൾ. മഹത്തായ വിദ്യാഭ്യാസ സ്വപ്നത്തെ, സാമൂഹിക യാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞ് ലളിതമായി ആവിഷ്ക്കരിക്കാൻ ശ്രമിച്ചു എന്നതായിരുന്നു റ്റോമോയുടെ പ്രത്യേകത 2000 മുതൽ മൂന്നുവർഷം പ്രവർത്തിക്കുകയും പിന്നീട് റ്റോമോ നിർത്തുന്നു എന്ന് സമൂഹത്തെ അറിയിച്ചുകൊണ്ട് പിൻവാങ്ങുകയും ചെയ്ത ഈ ചെറു ഉദ്യമത്തിന്റെ അനുഭവപാഠങ്ങൾ വിലയി രുത്ത പ്പെടേണ്ടതാണ്.

സർഗ്ഗാത്മകതയെ ചോർത്തികളയുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിനകത്ത് അകപ്പെട്ട കുട്ടികൾക്ക് നൈസ്സർഗ്ഗികതയെ തിരിച്ചു പിടിക്കാൻ സഹായങ്ങൾ ചെയ്തു കൊടുക്കുക എന്നതായിരുന്നു റ്റോമോയു ടെ രീതി. മറിച്ച് സാമ്പ്രദായിക വിദ്യാഭ്യാസമേഖലയിൽ നിന്ന് മാറിനിന്നുകൊണ്ടുള്ള സ്വതന്ത്ര രീതിയായിരുന്നില്ല. വിദ്യാഭ്യാസമേഖലയിൽ ഒരു ആതുരാലയം പോലെയായിരുന്നു റ്റോമോ. സാമ്പ്രദായിക പാഠ്യപദ്ധതിക്കകത്ത് തന്നെ ഇടപ്പെട്ടു എന്നതിന്റെ മെച്ചവും ദോഷവും അതിന് ഉണ്ടായിരുന്നു.

സ്കൂളിൽ പോകുന്ന കുട്ടികൾക്ക് ട്യൂഷൻ നൽകുന്ന ഒരു ഘടനയിലാണ് റ്റോമോ പ്രവർത്തിച്ചിരുന്നത്. അഞ്ച് വയസ്സായി കഴിഞ്ഞാൽ സമ്പൂർണ്ണമായി സ്കൂ ളിൽപോക്ക് തുടങ്ങുന്ന ഒരു സമൂഹത്തിൽ ഈയൊരു ഘടനയാണ് നല്ലതെന്ന തിരിച്ചറിവിൽ ആണ് ഈ ഒരു രീതി സ്വീകരിക്കപ്പെട്ടത്. ഈ ഘടനക്കകത്ത് സ്നേഹദർശനത്തിൽ ചാലിച്ച ഒരു ബദൽ പ്രവർത്തന പദ്ധതി കൂട്ടിച്ചേർക്കുകയാണ് റ്റോമോ ചെയ്തത്. അതിന്റെ ഫലം പോസിറ്റാവായിരുന്നു എന്നാണ് മൂന്നു വർഷത്തെ പ്രവർത്തനങ്ങളും അതിന്റെ ഇന്നും പ്രതിഫലിപ്പിക്കപ്പെടുന്ന ഫലങ്ങളും സൂചിപ്പിക്കുന്നതെന്ന് റ്റോമോപ്രവർത്തകർ ചൂണ്ടിക്കാട്ടുന്നു.

റ്റോമോ പ്രവർത്തനങ്ങൾ മുന്നോട്ടുവച്ച ചില പാഠങ്ങളുണ്ട്. ഈ പാഠങ്ങളുടെ പ്രസക്തിയും മാറിയ പുതിയ കാലത്ത് ഇടപെടലുകളുടെ രീതികൾ എങ്ങനെയെല്ലാമാവാമെന്നുള്ള ചർച്ചകളും നടക്കേണ്ടതുണ്ട്. അതിനായി അടുത്ത മെയ് 9 ന് എടവണ്ണയിൽ റ്റോമോ പ്രവർത്തകരും പൂർവ്വ വിദ്യാർത്ഥികളും രക്ഷിതാക്കളും വിദ്യാഭ്യാസ പ്രവർത്തകരും ഒത്തുചേരുന്നു. താത്പര്യമുള്ളവർ പങ്കുചേരണമെന്ന് അഭ്യർത്ഥിക്കുന്നു. ബന്ധങ്ങൾക്ക് : 9995264564.

## പലരും ചോദിക്കുന്ന ചോദ്യം...


റിച്ചാർഡ് സ്റ്റാൾമാൻ

***മറ്റു പ്രസിദ്ധീകരണങ്ങളിൽ നിന്നും ധാരാളം കാര്യങ്ങൾ സ്ഥിരമായി ലിറ്റിൽ മാസികയിൽ എടുത്തുകൊടുക്കുന്നതായി കാണുന്നുണ്ടല്ലോ? സ്വന്തമായി അധികമൊന്നും പറയാൻ ഇല്ലാത്തതു കൊണ്ടാണോ?***

ലിമ നിലകൊള്ളുന്ന ആശയങ്ങളുടെ പ്രചാരണമാണ് മുഖ്യം. സമാന ആശയങ്ങൾ മറ്റുപ്രസിദ്ധീകരണങ്ങളിൽ വരുന്നവ അതൊരു കേവലം നോട്ടീസോ ലഘുലേഖയോ ആണെങ്കിൽപോലും പ്രസാധകർക്ക് എതിർപ്പില്ലാത്ത പക്ഷം അതെടുത്തുകൊടുക്കുന്നതിന് *ലിമ*ക്ക് സങ്കോചമില്ല. ആശങ്ങളുടെ തട്ടും തടവുമില്ലാത്ത സ്വതന്ത്രമായ ഒഴുക്ക് സാധ്യമാക്കുന്ന ഒരു ജനപക്ഷ ചിന്തയായ 'കോപ്പി ലെഫ്റ്റ്' സങ്കുചിത ചിന്തയായ 'കോപ്പിറൈറ്റിന് ' പകരമായി *ലിമ* മുന്നോട്ടുവെയ്ക്കുന്നു. റിച്ചാർഡ് സ്റ്റാൾമാൻ സോഫ്റ്റ് വെയർ രംഗത്ത് മുന്നോട്ട് വെയ്ക്കുന്ന ഫ്രീ സോഫ്റ്റ് വെയർ പ്രസ്ഥാനം ഞങ്ങൾക്ക് പ്രചോദനം നൽകുന്നു. അറിവിന്റെ കുത്തകവൽക്കരണത്തിനെതിരെ ലോകമെങ്ങും നടക്കുന്ന 'കോപ്പി ലെഫ്റ്റ് ' പ്രസ്ഥാനത്തിൽ *ലിമ*യും ആശയപരമായി പങ്കുചേരുന്നു.

# അരിക്ക് പണമില്ല ഐ.ടിക്ക് പണമുണ്ട്

ജയപ്രകാശ് നിലമ്പൂർ

**സംസ്ഥാനബജറ്റിൽ നെല്ലുൽപാദനത്തിന് 56 കോടിയും ഐ.ടി വികസനത്തിന് 412 കോടിയും അനുവദിച്ചതിന്റെ യുക്തി എന്താണ്? ഭക്ഷണമുണ്ടാക്കുന്നവർക്ക് തികഞ്ഞ അവഗണനയും സോപ്പുകുമിളപോലെ തകരുന്നതും ഉൽപാദനക്ഷമതമല്ലാത്തതുമായ മേഖലകൾക്ക് വൻ അനുകൂല്യങ്ങളും നൽകുന്ന നവരീതികൾക്ക് എന്താണ് പേരിടുക?**

കൃഷിവകുപ്പ് കൃഷിഭവനുകൾ മുഖേന ഒരുഹെക്ടർ വാഴക്ക് 7500രൂപയും ഇഞ്ചിക്ക് 11250രൂപയും, കുരുമുളകിന് 15000രൂപയും കശുമാവിന് 5000രൂപയും മാവുകൃഷിക്ക് 11250 രൂപയുംറബർബോർഡ് 1 ഹെക്ടർ റബറിന് 22000 രൂപയും ധനസഹായം നൽകുമ്പോൾ ഒരു ഹെക്ടർ നെൽ കൃഷിചെയ്യുന്ന കർഷകന് കിട്ടുന്നത് തുച്ഛമായ 350 രൂപയാണ്. 1994 മുതൽ നൽകിവരുന്ന നെല്ലുൽപാദന ബോണസ് എന്ന പേരിലുള്ള ഈ നക്കാപിച്ച സമയത്തൊന്നും കിട്ടിയ ചരിത്രവുമില്ല.

നെൽവിത്തിന്റെ ലഭ്യതകുറവ്, കളബാധ, കീട-രോഗബാധ, പണിക്കാരെ കിട്ടാനില്ലാത്ത അവസ്ഥ എന്നീ പ്രശ്നങ്ങളെല്ലാം മറികടന്ന് ശേഖരിച്ച് നെല്ല് വിപണിയിലെത്തിച്ചാൽ കിട്ടുക കിലോക്ക് 8 രൂപ മാത്രം. ബാങ്കുകൾ മുഖേന നെല്ലുസംഭരണം നടക്കുന്ന പാലക്കാട്ടും കുട്ടനാട്ടിലുമൊഴികെ മറ്റെല്ലായിടത്തും നെൽകർഷകർ കടുത്ത ചൂഷണത്തിനിരയാവുകയാണ്. ഈ സാഹചര്യത്തിൽ വിപണിയിൽ നിന്നോ റേഷൻകടയിൽ നിന്നോ അരിവാങ്ങി ജീവിക്കാനാണ് മിക്ക നെൽ കർഷകരും തീരുമാനിക്കുന്നത്. ഭക്ഷണമു ണ്ടാക്കു ന്നവരെ പരിഗണിക്കാത്ത സർക്കാർ നിലപാടുകൾ അവശേഷിക്കുന്ന നെൽ പാടങ്ങളുടെ പൂർണ്ണനാശത്തിനാണ് ഇടയാക്കുന്നത്.

എൺപതുകളുടെ തുടക്കത്തിൽ എട്ടുലക്ഷത്തിലേറെ ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടന്നിരുന്ന കേരളത്തിൽ ഇപ്പോൾ ഒന്നരലക്ഷം ഹെക്ടറിലും താഴെ മാത്രമാണ് യഥാർത്ഥത്തിൽ നെൽകൃഷിയുള്ളത്.

അവശേഷിക്കുന്ന പാടങ്ങൾ നിരന്തരം നികത്തപ്പെടുന്നതും, തരംമാറ്റുന്നതും നിലനിൽക്കുന്നവക്ക് ചുറ്റും മറ്റ് വിളകളും വൻ മരങ്ങളും വളർന്ന് നെൽകൃഷി അസാധ്യമാക്കുന്നതും ജലലഭ്യത കുറവും, ദീർഘകാലത്തെ കടും കൃഷിമൂലം മണ്ണിലെ ജൈവാംശം കുറഞ്ഞ് മണ്ണിന്റെ ഉത്പാദനക്ഷമത കുറഞ്ഞതും വളക്കൂറ് പൂർണ്ണമായും ഇല്ലാതായതും വിപണിക്ക് ആളെകിട്ടാനില്ലാതായതും കാലാവസ്ഥ പ്രതിസന്ധികളും എല്ലാംചേർന്ന് നെൽകൃഷി മിക്കയിടങ്ങളിലും സാധ്യമല്ലാത്ത അവസ്ഥയിലെത്തിയിരിക്കുന്നു. രണ്ടു രൂപക്ക് അരിയും ഗോതമ്പും നൽകുമെന്ന് പ്രഖ്യാപിച്ച ഭരണക്കാർ, ഇവ കൃഷി ചെയ്യുന്നയിടങ്ങളിലെല്ലാം ഉല്പാദനവും ഉല്പാദനക്ഷമതയും കുറഞ്ഞ്‌വരും വർഷങ്ങളിൽ കടുത്ത ഭക്ഷണ ദൗർലഭ്യത്തിലേക്കാണ് ഭാരതം നീങ്ങുന്നതെന്ന വേൾഡ് വാച്ച് ഇന്സ്റ്റിറ്റൂട്ടിന്റെ പഠന റിപ്പോർട്ടുകൾ കണ്ടില്ലെന്നുണ്ടോ? ഇത്തവണത്തെ സംസ്ഥാനബജറ്റിൽ നെല്ലുൽപാദനത്തിന് 56 കോടിയും ഐ.ടി വികസനത്തിന് 412 കോടിയും അനുവദിച്ചതിന്റെ യുക്തി എന്താണ്? ഭക്ഷണമുണ്ടാക്കുന്നവർക്ക് തികഞ്ഞ അവഗണനയും സോപ്പുകുമിളപോലെ തകരുന്നതും ഉൽപാദനക്ഷമതമല്ലാത്തതുമായ മേഖലകൾക്ക് വൻ അനുകൂല്യങ്ങളും നൽകുന്ന നവരീതികൾക്ക് എന്താണ് പേരിടുക? കേരളിയർക്ക് ഉപേക്ഷിക്കാനാവാത്ത അരിആഹാരം ജലസംരംക്ഷണത്തിൽ മികച്ച പങ്ക് വഹിക്കുന്ന നെൽപാടങ്ങൾ നിലനിർത്താനും പരിസ്ഥിതി സംതുലിതാവസ്ഥയും, ഗ്രാമീണ ജൈവ വൈവിധ്യവും കാർഷിക പൈതൃകവും കാത്തു സൂക്ഷിക്കാൻ നെൽ കർഷകരെയും കൃഷിയിടങ്ങളെയും തനതു കാർഷിക രീതികളെയും നാടൻ വിത്തുകളെയും സംരക്ഷിക്കാൻ ബഹുജനകൂട്ടായ്മ ഇനിയുമുണ്ടായില്ലെങ്കിൽ തകരുന്നത് നമ്മുടെ ഭക്ഷണ സ്രോതസ് ആയിരിക്കും.

## ഭൂമിയും ജീവനും



ഭൂമിയിലെ ജീവനുള്ളവയുമായി നിങ്ങൾക്കു ബന്ധമില്ലെങ്കിൽ, മനുഷ്യവംശവുമായി, മനുഷ്യനുമായി നിങ്ങൾക്കുള്ള എന്തുതരം ബന്ധവും നഷ്ടമാവുകയാണ്. നാമൊരിക്കലും യഥാർത്ഥത്തിൽ അതിനെ തൊടുന്നില്ല, അതിന്റെ കനം അറിയുന്നില്ല, അതിന്റെ പരുക്കൻ ഭംഗിയും. മരത്തിന്റെ ഭാഗമായ ശബ്ദം കേൾക്കുന്നില്ല. ഇലകൾക്കിടയിലൂടെയുള്ള കാറ്റിന്റെ ഒച്ചയല്ല, രാവിലത്തെ ഇളംകാറ്റിൽ ഇലകളിളകുന്നതല്ല, മറിച്ച് അതിന്റെ സ്വന്തം ഒച്ച അതിന്റെ തടിയുടെ ഒച്ച, വേരുകളുടെ നിശ്ശബ്ദമായ ഒച്ച. അത് കേൾക്കുവാൻ നിങ്ങൾ അത്യസാധാരണമായ സംവേദനം ഉള്ളവനാകുക തന്നെവേണം. ഈ ഒച്ച ലോകത്തിന്റെ ശബ്ദമല്ല. അല്ലലുള്ള മനസ്സിന്റെ ശബ്ദമല്ല, മനുഷ്യന്റെ വഴക്കുകളുടേയും യുദ്ധങ്ങളുടേയും വൃത്തിയില്ലാത്ത ശബ്ദവുമല്ലത്. മറിച്ച്, പ്രപഞ്ചത്തിന്റെ ഭാഗമായ ശബ്ദം.

*ജെ.കൃഷ്ണമൂർത്തി*

## അടുത്തലക്കത്തിൽ:

### ഡോ.പുകഴേന്തിയുമായി അഭിമുഖം

ഗോൾഡ് മെഡലോടുകൂടി എം.ബി.എസ് പാസായി കല്പാക്കത്തെ ചേരിയിൽ സേവനം നടത്തുന്ന ജനകീയ ഡോക്ടർ താൻനടത്തുന്ന ജനകീയ ആരോഗ്യ പ്രവർത്തനങ്ങളെ കുറിച്ചും ആധുനിക വൈദ്യശാസ്ത്രരംഗത്തെ ചൂഷണങ്ങളെക്കുറിച്ചും സംസാരിക്കുന്നു.

### ഹോളണ്ടിൽ നിന്നുള്ള വേറിട്ടകാഴ്ചകൾ



ഹോളണ്ടിൽ നിന്നുള്ള വേറിട്ടതും ജീവിത സ്പർശിയുമായ അനുഭവങ്ങൾ ലിറ്റിൽ മാസിക സ്പെഷ്യൽ കറസ്പോണ്ടന്റ് ഹാരിസ് നെന്മേനി എഴുതുന്നു.

### ജീവിതംകൊണ്ടെഴുതിയ ചെറുപത്രങ്ങൾ

വിയർപ്പും ചോരയും ജീവിതംതന്നെ നൽകിയും നടത്തിയ പല ചെറു പ്രസിദ്ധീകരണങ്ങളും ഇന്ന് ചരിത്രത്തിന്റെ ഭാഗമാണ്. മാധ്യമ പ്രവർത്തനത്തെ അത്യന്തം ഗൗരവമായി സമീപിച്ച മൺമറഞ്ഞ ഏതാനും ചെറുപ്രസിദ്ധീകരണങ്ങളെക്കുറിച്ചും അവയുടെ പത്രാധിപൻമാരെക്കുറിച്ചുമുള്ള കുറിപ്പുകൾ.

കാർട്ടൂൺ സ്പോട്ട് - ജുബാനി




നിങ്ങളുടെ സ്ലംമ്മിന്റെകാര്യം ഞാൻ ശ്രദ്ധി ക്കുന്നില്ല.. നിങ്ങളെ മില്ല്യനെയർ ആക്കാനാണ് എന്റെ ശ്രമം...

**Little Masika** March 2009 Postal Reg.No. KL/MJI/82/2007-2009.RN 67322 / 94 Registered with the Registrar of News Papers for India New Delhi Rs. 6.50

## ലിറ്റിൽ മാസിക തപാൽ കാർഡ് കാമ്പയിൻ

# രാഷ്ട്രീയ പാർട്ടികൾക്ക് ഒരു കത്ത്!

### താഴെ കൊടുത്ത വരികൾ പോസ്റ്റ് കാർഡിൽ പകർത്തി രാഷ്ട്രീയ പാർട്ടി നേതൃത്വത്തിന് അയക്കാമോ?

Postcard Campaign

***ബഹുമാന്യരേ,***

***മണ്ണിനെ നശിപ്പിക്കുന്ന ഫ്ള്ക്സ്/പ്ലാസ്റ്റിക് ബാനറുകളും ബോർഡുകളും ഇത്തവണത്തെ തെരെഞ്ഞെടുപ്പു പ്രചരണത്തിൽ നിന്ന് ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.***

കാർഡുകൾ അയക്കേണ്ട ഏതാനും പ്രമുഖ രാഷ്ട്രീയപാർട്ടികളുടെ വിലാസങ്ങൾ:-

സെക്രട്ടറി, സി.പി.ഐ(എം) സംസ്ഥാനകമ്മിറ്റി, എകെ.ജി സെന്റർ, തിരുവനന്തപുരം

പ്രസിഡണ്ട്, കെ.പി.സി.സി, ഇന്ദിരാഭവൻ, തിരുവനന്തപുരം

പ്രസിഡണ്ട്, ഭാരതീയ ജനതപാർട്ടി, മാരാർജി ഭവൻ, തമ്പാനൂർ, തിരുവനന്തപുരം.

മറ്റു രാഷ്ട്രീയ പാർട്ടികളുടെ വിലാസങ്ങൾ പരമാവധി ശേഖരിച്ച് കാർഡുകൾ അയക്കുവാൻ ശ്രമിക്കുമല്ലോ. കുറേ അധികം പേർ ഇപ്രകാരം കാർഡുകൾ അയക്കുമ്പോൾ അത് ശ്രദ്ധിക്കാതിരിക്കാൻ നമ്മുടെ രാഷ്ട്രീയ പാർട്ടികൾക്ക് കഴിയില്ല എന്ന് തന്നെ നമുക്ക് വിശ്വസിക്കാം.



ഫോട്ടോ : ഷിനോ ജേക്കബ്

# Little Masika

ചെറുതായിരിക്കുന്നതിന്റെ പ്രസക്തിയെക്കുറിച്ച് നിരന്തരം അന്വേഷിക്കുന്നു. പ്രസക്തങ്ങളായ ചെറിയ കാര്യങ്ങളെക്കുറിച്ച് ജാഗ്രതയോടെ സംസാരിക്കുന്നു. ആശയപരമായി പ്രതികരിച്ചും പ്രചാരണപരമായി സഹായിച്ചും നിങ്ങൾക്കും എഴുത്തിന്റെയും അന്വേഷ ണത്തിന്റെയും ഈ തനതുവഴികളിൽ പങ്കാളികളാകാം.

Registered periodical

To

പ്രിയപ്പെട്ട

*If undeliverd, please return to*

EDITOR
LITTLE MASIKA
CHUNGATHARA P.O.
MALAPPURAM DT. PIN: 679 334
KERALA

Edited Printed, Published and owned by Biju John published at Chungathara and printed at Co-op Press, Chungathara